# മന്ദാകിനി പറയുന്നത്

എസ് ബി ടി സാഹിത്യവേദിയുടെ 2003ലെ ബാലസാഹിത്യ അവാർഡ് ലഭിച്ച കൃതി

| | |
|---|---|
| മലയാളം | Malayalam |
| **മന്ദാകിനി പറയുന്നത്** | **Mandakini parayunnathu** |
| വിമലാ മേനോൻ | Vimala menon |
| ഒന്നാം പതിപ്പ്<br>സെപ്തംബർ 2002 | First edition<br>September 2002 |
| ഒമ്പതാം പതിപ്പ്<br>ഡിസംബർ 2021 | Nineth edition<br>December 2021 |
| പ്രസാധനം, വിതരണം :<br>കേരള ശാസ്ത്രസാഹിത്യ പരിഷത്ത്<br>തൃശ്ശൂർ - 680004 | Published and distributed by :<br>Kerala Sasthra Sahithya Parishath<br>Thrissur - 680004 |
| ഇ-മെയിൽ :<br>publicationkssp@gmail.com | e-mail :<br>publicationkssp@gmail.com |
| ചിത്രീകരണം :<br>പ്രകാശ് ഷെട്ടി | Illustration :<br>Prakash shetty |
| കവർ & ലേ ഔട്ട് :<br>ശ്രീലേഷ് കുമാർ | Cover & Layout:<br>Sreelesh kumar |
| അച്ചടി :<br>പ്രിന്റ് എക്സ്പ്രസ്സ്,<br>കൊച്ചി | Printed at :<br>print express,<br>kochi |

₹ 75.00

KSSP 2670 IX E DEC 2021 D 1/8 2K 7500 FT 650/02

# മന്ദാകിനി പറയുന്നത്

**വിമലാ മേനോൻ**

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

**വിമലാമേനോൻ**

1945 ആഗസ്റ്റ് 23ന് വടക്കൻ പറവൂരിൽ ജനിച്ചു.

അച്ഛൻ: അഡ്വക്കേറ്റ് എം.രാഘവപ്പണിക്കർ,

അമ്മ: ഭാനുമതി അമ്മ.

വിദ്യാഭ്യാസം പറവൂർ ഹൈസ്കൂൾ, ആലുവ യു.സി. കോളേജ്, തൃശ്ശൂർ വിമലാ കോളേജ് എന്നിവിടങ്ങളിൽ. ധനതത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയിട്ടുണ്ട്.

എഴുപതുകളുടെ ആദ്യം മുതൽക്ക് കുട്ടികൾക്കുവേണ്ടി ചെറുകഥകൾ, നോവലുകൾ, തർജമകൾ എന്നിവ പ്രസിദ്ധീകരിച്ചുപോരുന്നു. ഒരാഴ്ച, ഒളിച്ചോട്ടം, പഞ്ചതന്ത്രം, പാർവതി പിന്നെ ചിരിച്ചിട്ടില്ല, പിറന്നാൾ സമ്മാനം, സൂര്യനെ വലംവച്ച പെൺകുട്ടി, ഞങ്ങൾക്കിത്രയൊക്കെ മതിയോ? എന്നിവ പുറത്തുവന്ന കൃതികളാണ്. 'ഒരാഴ്ച' എന്ന ബാലസാഹിത്യകൃതിക്ക് 1990ലെ ഏറ്റവും നല്ല ബാലസാഹിത്യത്തിനുള്ള സംസ്ഥാനസർക്കാർ അവാർഡും കൈരളി ബുക്ക് ട്രസ്റ്റ് അവാർഡും 'മന്ദാകിനി പറയുന്നത്....' എന്ന കൃതിക്ക് എസ്ബിടി സാഹിത്യവേദിയുടെ 2003ലെ ബാലസാഹിത്യ അവാർഡും ലഭിച്ചു.

ദൃശ്യശ്രവ്യമാധ്യമങ്ങളിലൂടെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി കഥകളും കവിതകളും ലഘുപരിപാടികളും അവതരിപ്പിക്കാറുണ്ട്. കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിരുന്നു. റിട്ടയർമെന്റിനുശേഷം ഇപ്പോൾ തിരുവനന്തപുരം ചെഷയർ ഹോമിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

ചിത്രകാരനും ഇന്റീരിയർ ഡെക്കറേറ്ററുമായിരുന്ന യശഃശരീരനായ യു.ജി.മേനോനാണ് ഭർത്താവ്. ജേർണലിസ്റ്റായ ശ്യാംമേനോൻ മകനും ചെന്നൈയിൽ ഡോ.എം.എസ്.സ്വാമിനാഥൻ ഫൗണ്ടേഷനിൽ സേവനമനുഷ്ഠിക്കുന്ന യമുനാമേനോൻ മകളുമാണ്.

വിലാസം: കോസലം, മുളവന ജംഗ്ഷൻ, തിരുവനന്തപുരം – 37.

# പ്രസാധകക്കുറിപ്പ്

സ്ത്രീവാദത്തിന്റെ ആദ്യനാമ്പുകൾ പൊട്ടിമുളച്ചത് പാശ്ചാത്യ ലോകത്തിലാണെങ്കിലും ഇന്ന് ലോകത്തെമ്പാടും പുരോഗമന ചിന്താഗതിയുടെ ഒരു അനിവാര്യ ഘടകമായി സ്ത്രീപക്ഷ സമീപനം അംഗീകരിക്കപ്പെട്ടുവരികയാണ്. സമൂഹത്തിൽ പുരുഷന്റെ പദവിയുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീയ്ക്ക് അധമ പദവിയാണുള്ളതെന്നത് നിസ്തർക്കമാണ്.

സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലിംഗപരമായ വ്യത്യാസവും അതുമായി ബന്ധപ്പെട്ട ധർമങ്ങളും ജീവശാസ്ത്രപരമായി നിർണയിക്കപ്പെട്ടതും കാലാകാലങ്ങളായി മാറ്റമില്ലാതെ തുടരുന്നവയുമാണ്. എന്നാൽ ജീവശാസ്ത്രപരമായ ലിംഗവ്യത്യാസത്തിന്റെ തുടർച്ചയായി ഓരോ സമൂഹത്തിലും നിലനിൽക്കുന്ന സ്ത്രീ-പുരുഷ പദവിയെയാണ് ജെൻഡർ അഥവാ ലിംഗപദവി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. ലിംഗപദവി സാമൂഹ്യമായി നിർണയിക്കപ്പെട്ടതും കാലത്തിനും ദേശത്തിനുമനുസരിച്ച് മാറുന്നതുമാണ്. ദേശം, വംശം, ജാതി, മതം, വർഗം തുടങ്ങിയവയെല്ലാം ലിംഗപദവിയെ സ്വാധീനിക്കുന്നു. ഈ ലിംഗപദവി സങ്കൽപനങ്ങൾ ആചാരാനുഷ്ഠാനങ്ങളിലൂടെയും ചൊല്ലുകളിലൂടെയും തലമുറയിൽ നിന്ന് തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഈ സങ്കൽപ്പനങ്ങളുടെ അടിസ്ഥാനത്തിൽ വാർത്തെടുക്കപ്പെട്ട ഒരു സ്ത്രീസങ്കൽപ്പം സമൂഹത്തിൽ രൂഢമൂലമായി നിലകൊള്ളുന്നു. അതേപോലെ തന്നെ ഒരു പുരുഷ സങ്കൽപ്പവുമുണ്ടെങ്കിലും അത് വളരെ അയവുള്ളതുമാണ്. പുരുഷാധിപത്യപരമായ ഒരു സമൂഹമായ

തുകൊണ്ട് സ്ത്രീസങ്കൽപ്പം അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നായിത്തീരുന്നു.

കൗമാരപ്രായത്തിലെത്തുന്നതിനു മുമ്പു തന്നെ വളരെ പ്രകടവും ബോധപൂർവവുമായ തരംതിരിക്കലുകൾ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഇടയിൽ നടക്കുന്നു. കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, അണിയിച്ചൊരുക്കൽ, ജോലികൾ-ചെയ്യിക്കൽ, ഉത്തരവാദിത്തമേൽപ്പിക്കൽ ഇവയിലെല്ലാം സ്ത്രീ-പുരുഷ സങ്കൽപ്പങ്ങളുടെ പ്രബലമായ സ്വാധീനം കാണാം. ക്രമേണ കുഞ്ഞുങ്ങൾ സമൂഹം തങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന സ്വഭാവരീതികളും ശൈലികളും ധർമങ്ങളും സ്വാംശീകരിക്കുന്നു. അങ്ങനെ മാമൂൽ സ്ത്രീ-പുരുഷ സങ്കൽപ്പങ്ങൾ തടസ്സമില്ലാതെ വാർത്തെടുക്കപ്പെടുന്നു.

ഈ സങ്കൽപ്പങ്ങളനുസരിച്ച് സ്ത്രീ അടക്കം, ഒതുക്കം, ലജ്ജ, സഹനശീലം, ക്ഷമ, സ്നേഹം, കാരുണ്യം, അനുസരണം, ശാലീനത, രൂപഭംഗി തുടങ്ങിയ ഗുണങ്ങളുടെ വിളനിലമായിരിക്കണം. പുരുഷൻ തന്റേടം, സാഹസികത, നേതൃത്വം, ഉത്തരവാദിത്തബോധം, കൂസലില്ലായ്മ, സംരക്ഷകഭാവം, ആക്രമണോത്സുകത, സ്വാതന്ത്ര്യബോധം തുടങ്ങിയവയുടെയും. ഇതിനനുസരിച്ചാണ് കുടുംബത്തിനകത്തും പുറത്തും സ്ത്രീ-പുരുഷ ധർമങ്ങളും തൊഴിലുകളും വിഭജിക്കപ്പെട്ടിരിക്കുന്നത്.

എന്നാൽ ജന്മനാ പെൺകുട്ടി അടക്കവും ഒതുക്കവുമുള്ളവളോ ഭീരുവോ കഴിവു കുറഞ്ഞവളോ അല്ല. ആൺകുട്ടിയെപ്പോലെ തന്നെ പെൺകുട്ടിക്കും സ്വതസിദ്ധമായ കഴിവുകളുണ്ട്. പക്ഷേ, നേരത്തെ സൂചിപ്പിച്ച സ്ത്രീസങ്കൽപ്പത്തിന്റെ സ്വാധീനം പല കഴിവുകളെയും മുളയിലേ നുള്ളാൻ പ്രേരിപ്പിക്കുന്നു. മരത്തിൽ കയറാനും വീടിനുപുറത്ത് സ്വതന്ത്രമായി സഞ്ചരിക്കാനും കൂട്ടുകൂടാനും പൊട്ടിച്ചിരിക്കാനും കായികശേഷി വളർത്താനും ഒന്നും അവൾക്ക് അവസരങ്ങൾ ലഭിക്കുന്നില്ല. ക്രമേണ ലിംഗപദവിക്കനുസൃതമായ തൊഴിലുകൾ ഏറ്റെടുക്കുക കൂടി ചെയ്യുന്നതോടെ അവൾക്ക് ഉയർന്ന ചിന്താശേഷിയോ നേതൃത്വഗുണമോ സാഹസികതയോ ആവശ്യമില്ലാതെ വരുന്നു. അരുതുകളുടെയും ശാസനകളുടെയും വേലിക്കെട്ടിനകത്ത് തന്നിലേക്കൊതുങ്ങിക്കൂടാൻ അവൾ ശീലിപ്പിക്കപ്പെടുന്നു.

ജന്മസിദ്ധമായ അവകാശങ്ങൾക്കും അഭിരുചികൾക്കും മീതെ ഏറ്റവും ശക്തമായ വിലക്കുകൾ വീഴുന്നത് കൗമാരപ്രായത്തിലാണ്.

സ്വാതന്ത്ര്യബോധവും സാഹസികതയും സൗഹൃദവാഞ്ഛയും ഏറ്റവും കരുത്താർജിക്കുന്നതും കൗമാരപ്രായത്തിലാണ്. ഈ വൈരുദ്ധ്യം പലപ്പോഴും സങ്കീർണമായ മാനസിക പ്രശ്നങ്ങളിലേക്ക് കൗമാരപ്രായക്കാരെ നയിക്കുന്നു. വ്യക്തിത്വമില്ലാത്ത, ക്രിയാത്മകത യില്ലാത്ത, സർഗശേഷിയില്ലാത്ത, പ്രതികരണ ശേഷിയില്ലാത്ത ഒരു വർഗം അങ്ങനെ ജന്മമെടുക്കുന്നു.

ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷാധിപത്യ പ്രവണ തകൾ ശക്തമായി നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഉയർന്ന സ്ത്രീ സാക്ഷരതാ നിരക്കോ, ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉയർന്ന സ്ത്രീ പ്രാതിനിധ്യമോ ഒന്നും തന്നെ ഈ പ്രവണതകളെ ചെറുക്കു ന്നില്ല. കേരളത്തിന്റെ നേട്ടങ്ങളിൽ ഏറ്റവും പ്രധാനമായി കണക്കാക്ക പ്പെടുന്ന വിദ്യാഭ്യാസം തന്നെയാണ് ഈ അവസ്ഥയ്ക്ക് കാരണമാകു ന്നതെന്ന് പറയുമ്പോൾ അത് വിരോധാഭാസമായും പിന്തിരിപ്പിക്കാൻ ചിന്താഗതിയായും തോന്നിയേക്കാം. എന്നാൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, ബോധനരീതികൾ, വിദ്യാലയാന്തരീക്ഷം എന്നിവ അങ്ങേ യറ്റം സ്ത്രീവിരുദ്ധമാണ് കേരളത്തിൽ. നമ്മുടെ സാഹിത്യാദികലക ളിലും മാധ്യമങ്ങളിലും എല്ലാം തന്നെ സ്ത്രീവിരുദ്ധത പരോക്ഷമായി ഉൾച്ചേർന്നിരിക്കുന്നു. അണുകുടുംബവ്യവസ്ഥിതിയും വർധിച്ചുവരുന്ന ഉപഭോഗസംസ്കാരവും വർഗീയതയും എല്ലാം ചേർന്ന് സ്ത്രീയെ ഒരു ശരീരം മാത്രമായി അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നു. ആഗോള വൽക്കരണത്തിന്റെ വിപണന തന്ത്രങ്ങൾ ഭൂരിഭാഗവും സ്ത്രീകേന്ദ്രീ കൃതമാണ്. ഒരേ സമയം സ്ത്രീയെ ഉപഭോഗ സംസ്കാരത്തിന്റെ ഇര കളും ഉപകരണങ്ങളുമാക്കിത്തീർക്കുക എന്നതാണ് പുതിയ വിപണന തന്ത്രം. മാത്രമല്ല, ഫാഷൻ ഷോ, മോഡലിങ്ങ്, സൗന്ദര്യമത്സരങ്ങൾ തുടങ്ങിയ മാർഗങ്ങളിലൂടെ ഒരു കപടസ്വാതന്ത്ര്യബോധവും ഒരു വിഭാ ഗത്തിൽ സൃഷ്ടിക്കപ്പെടുന്നു. കേരളം നേരിടുന്ന കനത്ത വെല്ലുവിളി കളിലൊന്നായി ഈ പ്രശ്നത്തെ കാണേണ്ടിയിരിക്കുന്നു.

കേരള വികസന മാതൃകയുടെ തന്നെ ഒരു ദൗർബല്യമായി ചൂണ്ടി ക്കാണിക്കപ്പെട്ടിട്ടുള്ളത് അതിലെ സ്ത്രീകളുടെ അദൃശ്യതയാണ്. ഭര ണ, രാഷ്ട്രീയ രംഗങ്ങളിലെല്ലാം ഈ അദൃശ്യത പ്രകടമാണ്. ജനസം ഖ്യയിൽ പകുതി വരുന്ന ഒരു ജനസമൂഹത്തെ മാറ്റി നിർത്തിക്കൊ ണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കോ സാംസ്കാരിക പ്രവർത്തന ങ്ങൾക്കോ പ്രക്ഷോഭ പരിപാടികൾക്കോ പൂർണതയോ വിജയസാ

ധ്യതയോ ഇല്ല.

ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ടു മാത്രമേ പുരോഗമനപരമായി ചിന്തിക്കുന്ന ഏതു പ്രസ്ഥാനത്തിനും മുന്നോട്ടു പോകാനാകൂ എന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വിശ്വസിക്കുന്നു. പെൺകുഞ്ഞുങ്ങളെ സ്വതന്ത്ര വ്യക്തികളായി വളരാൻ അനുവദിച്ചുകൊണ്ട് കുടുംബത്തിനകത്ത് ജനാധിപത്യം സ്ഥാപിച്ചുകൊണ്ടും സ്ത്രീ ശാക്തീകരണം സാധ്യമാക്കിക്കൊണ്ടും ഈ പ്രശ്നത്തെ നേരിടാനാവും എന്ന് ഞങ്ങൾ കരുതുന്നു. സമൂഹത്തിൽ സ്ത്രീ പ്രശ്നത്തെക്കുറിച്ച് അവബോധം പകർത്താനുതകുന്ന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുക എന്നത് ഞങ്ങളുടെ കടമയായിത്തീരുന്നു. സ്ത്രീപക്ഷ രചനകളെ പ്രോത്സാഹിപ്പിക്കുക എന്നതും ഇതിന്റെ ഭാഗമാണ്.

അരുതുകളുടെയും ശാസനകളുടെയും വേലിക്കെട്ടുകൾക്കുള്ളിൽ പരമ്പരാഗത സ്ത്രീസങ്കൽപ്പങ്ങളും, പുരുഷാധിപത്യ വ്യവസ്ഥിതിയുടെ സൃഷ്ടിയായ പകടസദാചാരത്തിന്റെ ഇരുട്ടിനകത്ത്, എരിഞ്ഞുതീരുന്ന പ്രതിഭകളും സർഗശേഷികളും വ്യക്തിത്വങ്ങളും- ഇത് ഒറ്റപ്പെട്ട ഒരാളുടെ അനുഭവമല്ല. ജനസംഖ്യയിൽ പകുതിയുടെ ജീവിതസമസ്യയാണ്. ആ സമസ്യക്കു നേരെ പിടിച്ച ഒരു കണ്ണാടിയാവും ഈ കൊച്ചുപുസ്തകം എന്ന് ഞങ്ങൾ കരുതുന്നു.

സ്ത്രീയുടെ വ്യക്തിത്വം ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു പുതിയ ലോകക്രമത്തിന്റെ സൃഷ്ടിക്കായ് യത്നിക്കുക എന്നത് പുരോഗമന ചിന്തയുടെ അനിവാര്യമായ സവിശേഷതയാകേണ്ടതുണ്ട്. ചിന്തയെ ഉദ്ദീപ്തമാക്കാൻ ചില ചോദ്യങ്ങൾ ചിലരുടെയെങ്കിലും മനസ്സിൽ കോറിയിടാനാവും എന്ന പ്രതീക്ഷയോടെ അഭിമാനപൂർവം ഈ പുസ്തകം ഞങ്ങൾ സമർപ്പിക്കുന്നു.

**കേരള ശാസ്ത്രസാഹിത്യപരിഷത്ത്**



ഞാൻ മന്ദാകിനി. വയസ്സ് പതിനഞ്ച്. നിറം കറുപ്പ്. പക്ഷെ എണ്ണക്കറുപ്പ ല്ല. കറുപ്പിന് ഏഴഴകാണെന്ന് ഒരിക്കൽ കുറുപ്പുമാഷ് മലയാളം ക്ലാസ്സിൽ പറഞ്ഞിട്ടുണ്ട്. എന്നെ മനസ്സിൽ വച്ചാണോ എന്തോ! പറഞ്ഞുകഴിഞ്ഞ് ഒരു കള്ളനോട്ടം.

കുറുക്കന്റെ നോട്ടം–

കറുപ്പിനു കുറുക്കന്റെ നോട്ടം. ഹായ്, നല്ല പ്രാസമുണ്ട്. അല്ലെങ്കിലും മലയാളമെഴുതാൻ മന്ദാകിനിക്കു മിടുക്കുണ്ടെന്ന് കുറുപ്പുമാഷ് പറയുമായി രുന്നു.

ഒരു സത്യം പറയട്ടെ– മന്ദാകിനി എന്ന പേര് എനിക്കിഷ്ടമല്ല കേട്ടോ. എന്നോടു ചോദിക്കാതെ എന്റെ പേര് നിശ്ചയിച്ചതിലും വിളിച്ചതിലും എനി ക്കതിയായ പ്രതിഷേധമുണ്ട്. പക്ഷേ എന്തു ചെയ്യാം! പേരിഷ്ടമല്ലാന്നു പറ യാറായപ്പോഴേയ്ക്കും അതങ്ങുറച്ചുപോയി. താഴത്തേലെ ദാമോദരൻ നായ രുടെ മകൾ മന്ദാകിനി.

പതിനെട്ടുങ്കലെ കുഞ്ഞുലക്ഷ്മിയമ്മയുടെ ചെറുമകൾ മന്ദാകിനി.

ഓ! ഈ ആളുകൾ എങ്ങനെയൊക്കെയാ തിരിച്ചറിയുന്നത്!

പക്ഷേ– വിജയലക്ഷ്മിയുടെ മകൾ മന്ദാകിനിയെന്നാരും പറയുന്നതു കേട്ടിട്ടില്ല.

അമ്മ പാവം– ഒരു മൂലേൽപ്പതുങ്ങിയാണ്. അമ്മൂമ്മയുടെ പ്രഭാവത്തിനും അച്ഛന്റെ ഗാംഭീര്യത്തിനുമിടയിൽ മങ്ങിപ്പോയി– പാവം വിജയലക്ഷ്മി. ഈ മന്ദാകിനിയുടെ അമ്മ വിജയലക്ഷ്മി.

കുഞ്ഞുലക്ഷ്മി എന്ന പേരിനൊരു സ്റ്റൈലുണ്ട് ല്ലേ? കുഞ്ഞുലക്ഷ്മി.

വിജയലക്ഷ്മി–

പിന്നെ– അമൃത– അതു ചേച്ചിയാണ്.

അതൊക്കെ കുഴപ്പമില്ലാത്ത പേരുകളാണല്ലോ. അതു കഴിഞ്ഞെങ്ങനാ

ഈ മന്ദാകിനി വരുന്നത്?

"മന്ദാകിനീ"– നീട്ടിവിളിച്ചാൽ 'മ്പേ'ന്നു കരഞ്ഞോണ്ടു വരുന്ന പശുവിനെയാണോർമ വരുന്നത്. വളഞ്ഞ കൊമ്പുകുലുക്കി നനഞ്ഞ മൂക്കും വിടർത്തി വീർത്ത വയറുമായി വരുന്ന ഒരു തള്ളപ്പശു.

ശ്ശേ– എനിക്കീ മന്ദാകിനി വേണ്ട.

എന്നേ പറഞ്ഞു തുടങ്ങിയതാണെന്നോ. അതെങ്ങനെയാ– ഞാൻ പറയുമ്പോൾ കേൾക്കാനാരെങ്കിലും വേണ്ടേ! എല്ലാവർക്കും ഒരു പരിഹാസമാണ്. ആരോ അസംബന്ധം പറയുകയാണെന്ന ഒരു മട്ട്.

"എനിക്കാ പേര് വേണ്ട കേട്ടോ"–

ബാഗും കുടേം ദൂരെയെറിഞ്ഞ് ആദ്യത്തെ ദിവസം സ്കൂളിൽനിന്നും കരഞ്ഞുവിളിച്ച് മന്ദാകിനി അമറി. സ്റ്റെല്ല ടീച്ചർ വിളിച്ചതെന്താണെന്നോ? "മൺഡാകിനി". പിള്ളേരൊക്കെ എന്തു ചിരിയായിരുന്നു! ക്ലാസ്സിൽ മുഴുവനും ചിരിയുടെ കുമിളകളുയർന്നു. പലതും പൊട്ടി. ചിലതു പിന്നെയുമുയർന്നു. ചുറ്റിനും ചിരിപ്പടക്കങ്ങൾ– മൺഡാകിനി. ഒന്നും മിണ്ടാതെ എഴുന്നേറ്റു നിന്നു. ഈ ചിരിയൊന്നു നിന്നാലല്ലേ വല്ലതും ഇവരോടു മറുപടി പറയാൻ പറ്റൂ. അശ്രീകരങ്ങള്!

കൂകിവിളിതന്നെ– മൺഡാകിനി.

അന്നു മനസ്സിലാദ്യം പൊന്തിവന്ന വില്ലന്റെ മുഖം– താഴത്തേലെ ദാമോദരൻ നായർ.

എന്നോടു ചോദിക്കാതെ തന്നിഷ്ടം കാട്ടി എനിക്കു പേരിട്ട ദാമോദരൻ നായർ.

അഞ്ചു വയസ്സായിക്കഴിഞ്ഞിട്ട് ഓരോ കുട്ടിയോടും അച്ഛനും അമ്മയും ചോദിക്കണം.

"മോനേ, നിനക്കെന്താ പേരു വേണ്ടത്?"

"മോളേ, നിന്നെ ഞാനെന്താ വിളിക്കേണ്ടത്?"

എത്ര പേരു വേണം! നീണ്ട ലിസ്റ്റല്ലെ കയ്യിലുണ്ടാവുക. അതിനു പകരം – വന്നിരിക്കുന്നു– ഒരു മന്ദാകിനി!

എന്നാലും സഹിച്ചേനെ, ആ പക്കപ്പേരു വീണില്ലായിരുന്നെങ്കിൽ.

വീട്ടിൽ ഉകാരങ്ങളുടെ കളിയാണ്.

മുത്തച്ഛൻ വാസു എന്ന വാസുദേവ കൈമൾ. അമ്മൂമ്മ എച്ചുമു– മുത്തച്ഛൻ കുഞ്ഞുലക്ഷ്മിയെ ആ ഓമനപ്പേരിലേ വിളിക്കൂ.

അച്ഛൻ– ദാമു.

അമ്മ – വിജു.

ഏട്ടന്മാര് രണ്ടാളും ചെറ്യേമ്മയുടെയാണെങ്കിലും ഞങ്ങടെയെന്നാണ് വയ്പ്.

വല്യേട്ടൻ– ബാലു. കൊച്ചേട്ടൻ – രഘു.

ചേച്ചി– അമ്മു. അമൃതയ്ക്ക് അമ്മുവാകാമല്ലോ.

അപ്പോൾ പിന്നെ മന്ദാകിനി– മണ്ടു.

അല്ലാതെന്താവാനാ!

ഇത്തവണ കൊച്ചേട്ടനാണ് വില്ലന്റെ കുപ്പായമെടുത്തണിഞ്ഞത്.

“എടീ മണ്ടൂ– മണ്ടൂസ്സേ”–

കൊല്ലാനുള്ള അരിശം വന്നിരുന്നു ആദ്യമൊക്കെ. മണ്ടു എന്നു വിളിക്കണ്ടാന്നു വാശി പിടിച്ചപ്പോൾ വല്യേട്ടന്റെ വക വേറൊരു പേരു വീണു. മക്കു.

“ശ്ശേ– അവനൊരു മക്കുണൻ” എന്ന് മുത്തച്ഛൻ പലരെക്കുറിച്ചും പലകുറി അഭിപ്രായം പറഞ്ഞു കേട്ടിട്ടുണ്ട്. അപ്പോൾ ഈ ഞാനും അതേ കൂട്ടത്തിൽ പെട്ടതോ?

ഇവർക്കൊക്കെ എന്തു പറ്റി! മന്ദാകിനിയാണ് എല്ലാവരുടെയും ആക്ഷേപപാത്രം. അവരൊക്കെ ഒരൊറ്റക്കെട്ട്.

ഒരാൾ കളിയാക്കാൻ നിന്നാൽ ബാക്കിയെല്ലാവരുംകൂടി തുടങ്ങും ഒരു ചിരി.



മുത്തച്ഛൻ മുതൽ കൊച്ചേട്ടൻ വരെ.

ഒടുവിൽ പാവം അമ്മേച്ചിക്കാണ് മനസ്സൊന്നലിഞ്ഞത്.

"നമുക്കിവളെ മനൂന്ന് വിളിക്കാം. കൂട്ടത്തിൽ ഭേദം അതാണ്, ല്ലേ?"

ആശ്വാസം! അനു, വിനു, സനു, മനു മോശമില്ലല്ലേ- എനിക്കും ഒരു സമാധാനം- നാലാൾടെ മുൻപിൽ തലയുയർത്തി നിന്നു പേരു പറയാമല്ലോ.

ഞാൻ മനു.

എന്നാലും ദേഷ്യം വരുമ്പോൾ എന്നെ ദേഷ്യം പിടിപ്പിക്കാൻ കൊച്ചാക്കിക്കാട്ടാൻ വല്യേട്ടനും, കൊച്ചേട്ടനും നീട്ടി വിളിക്കും- "മന്ദാകിനീ"




മന്ദാകിനി മണ്ടിയാണെന്നു വിധിയെഴുതിയവരാണധികവും.

മന്ദാകിനിക്കു പക്വതയില്ല.

മന്ദാകിനിക്കു വേർതിരിവില്ല.

മന്ദാകിനിക്കടക്കമില്ല– ഒതുക്കമില്ല.

മന്ദാകിനി ബഹളക്കാരിയാണ്.

ഒരു നൂറുകൂട്ടം പരാതികളാണീ മന്ദാകിനിയെക്കുറിച്ച്.

ഞാനത്ര മോശക്കാരിയാണോ? മണ്ടിയായിരുന്നെങ്കിൽ നാലിലും എട്ടിലും സ്കോളർഷിപ്പു കിട്ടുമായിരുന്നോ?

എല്ലാ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്കു മേടിക്കുന്ന കുട്ടിക്കുള്ള സമ്മാനം കിട്ടീരുന്നതോ?

പത്തില് തൊണ്ണൂറു ശതമാനം മാർക്കു കിട്ടിയതും മണ്ടിയായതുകൊണ്ടാണോ?

അതൊന്നുമല്ല– സ്റ്റേറ്റില് റാങ്കു മേടിച്ച രണ്ടു ചേട്ടന്മാരുടെയും അതിസുന്ദരിയായ ചേച്ചിയുടെയുമിടയിൽ ഈ മന്ദാകിനിയുടെ വിജയത്തിനു പ്രഭയില്ലാതായിപ്പോയി. അത്രേയുള്ളൂ. അതുകൊണ്ട് മന്ദാകിനി മണ്ടൂസ്.

എനിക്കൊന്നു മനസ്സിലാകാത്തതേ– ഈ എല്ലാവരും കൂടി റാങ്കു മേടിച്ചാലെങ്ങനെയാ– ബാക്കിയുള്ളോരു താഴെ നിന്നാലല്ലേ ചിലർക്കൊക്കെ റാങ്കു കിട്ടുകയുള്ളൂ. അതൊന്നുമിവർക്കു പറഞ്ഞാൽ മനസ്സിലാവില്ല. എന്താ ചെയ്കാ!

എനിക്കു കൊച്ചു കൊച്ചു സന്തോഷങ്ങൾ മതി. കൊച്ചു മനസ്സ് അപ്പോൾ വീർത്തു വലുതാകും. ഊതി വീർപ്പിച്ച ബലൂൺ പോലെ. അപ്പോഴൊക്കെ തോന്നും – ഓ മതി – ഇതിൽ കൂടുതൽ വേണ്ട. പൊട്ടിപ്പോയാലോ!

പൊട്ടുന്നതെല്ലാം എനിക്കു പേടിയാ.

ശബ്ദവും ബഹളവുമില്ലാതെ

തെരക്കും അടിപിടിയുമില്ലാതെ

ശാന്തമായി– സ്വൈരമായി– കൊച്ചുകാറ്റുപോലെ, കുണുങ്ങിയൊഴുകുന്ന പുഴപോലെ.

തെളിഞ്ഞ ആകാശം പോലെ

ചന്ദ്രന്റെ ഒരു കൊച്ചു കീറുപോലെ

നനുനനുത്ത പട്ടു പാവാട പോലെ

എല്ലാ നല്ലതും എല്ലാ സന്തോഷവും ഈ മന്ദാകിനിയുടെ കൊച്ചുലോകത്തുണ്ടാവണം.

അതിനു തടസ്സം സൃഷ്ടിക്കുന്നവരൊക്കെ എന്റെ വില്ലന്മാർ. വില്ലന്മാർക്കൊക്കെ ഒരേ മുഖമാണ്. പണ്ടു വായിച്ച ഫാന്റസിക്കഥകളിലെ രാക്ഷസന്മാരുടെ മുഖം.

ചുവന്നു കലങ്ങിയ കണ്ണുകളും, പാറിപ്പറന്ന മുടിയും, തടിച്ചു മലർന്ന ചുണ്ടും, ഉന്തിയ വികൃതമായ പല്ലുകളുമുള്ള ഈ വില്ലന്മാർ എന്റെ ഉറക്കം കെടുത്തും. എന്നെ പേടിപ്പിക്കും.

രാത്രിയുടെ അറ്റത്തെവിടെയോ നീട്ടിയ നാക്കിൻ തുമ്പത്തുനിന്നിറ്റിറ്റു വീഴുന്ന ചോരത്തുള്ളികളുമായി പൈശാചിക നൃത്തം നടത്തും.

ഒടുവിൽ വിയർത്തു കുളിച്ച് നനഞ്ഞൊട്ടിയ അടിയുടുപ്പുകളുമായി കിതയ്ക്കുന്ന നെഞ്ചിൽ കൈയ്യമർത്തി തണുത്ത കിടക്കയിൽ മന്ദാകിനി എണീറ്റിരിക്കും; വരണ്ട തൊണ്ടയും ഉണങ്ങിയ ചുണ്ടുകളും പകച്ച നോട്ടവുമായി– എവിടെ എന്റെ വില്ലന്മാർ?

എനിക്കൊന്നുമൊളിക്കാനറിയില്ലെന്നത് ഒരു ദൂഷ്യമാണോ?

പാത്തും പതുങ്ങിയും ഓരോന്നു ചെയ്യുന്നവരെ എനിക്ക് പുച്ഛമാണ്. മനുഷ്യരായാൽ ധൈര്യം വേണ്ടേ– ശരിയാണു ചെയ്യുന്നതെന്നു ബോധ്യമുണ്ടെങ്കിൽ എന്തിനാ പേടിക്കുന്നത്?

ഇവിടെ തടിമിടുക്കല്ല കാര്യം– ആവശ്യം.

മനസ്സിന്റെ ധൈര്യം. ശരീരം ചെറുതാണെങ്കിലും മനസ്സ് ഉറച്ചതാണെങ്കിൽ കുറുപ്പുസാർ ക്ലാസ്സിൽ പറഞ്ഞതുപോലെ– മഹാജനാനാം മനമിളകാ–

നൂറുശതമാനം ശരിയാണെന്നു തോന്നിയാൽ മന്ദാകിനി എന്തും പറയും. എന്തും ചെയ്യുകയും ചെയ്യും.

പക്ഷെ– മന്ദാകിനി പറയുമ്പോൾ ജനം മുഖം തിരിക്കുന്നു. എന്തുകൊണ്ട്?

ആളുകളുടെ കണ്ണിൽ ഒരു പുച്ഛരസത്തിന്റെ തിരനോട്ടം. അതെന്തുകൊണ്ട്?

ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആ പുസ്തകങ്ങൾ വായിച്ചത്.

യാചകമോഹിനി- സൗദാമിനി- ദേശസേവിനി.

ഒരു കാര്യം ഇപ്പോഴാ ശ്രദ്ധിച്ചതു കേട്ടോ.

മന്ദാകിനി വായിച്ച മൂന്നു പുസ്തകങ്ങളുടെയും പേര് 'നി'യിൽ അവസാനിക്കുന്നു.

മന്ദാകിനി- യാചകമോഹിനി- സൗദാമിനി- ദേശസേവിനി.

അവധിക്കാലത്ത് തറവാട്ടിലെ സേഫ് റൂമിൽ നിരത്തി വച്ചിരിക്കുന്ന അലമാരികളിലൊന്നിൽ നിന്നും തപ്പിയെടുത്ത മൂന്നു പുസ്തകങ്ങൾ. എന്തുകൊണ്ടാണിതു തെരഞ്ഞെടുത്തതെന്നിപ്പോഴും അറിയില്ല. കൈയ്യിൽ കിട്ടുന്നതെന്തും വായിച്ചു നോക്കുന്ന സമയമായിരുന്നു. താളുകൾ മറിച്ച് അങ്ങുമിങ്ങുന്നും വായിച്ചു നോക്കിയപ്പോൾ രസം തോന്നിയതാവാം.

ആദ്യം ഒച്ചയെടുത്തത് കൊച്ചമ്മാവനാണ്.



"മുട്ടേന്നു വിരിഞ്ഞില്ല. അതിനു മുൻപേ വായിക്കണ പുസ്തകങ്ങള് കൊള്ളാം!"

തന്റെ നേർക്കാണാക്രമണമെന്നാദ്യം മനസ്സിലായില്ല.

"ചേച്ചീ, ഇളമുറീടെ കൈയ്യിലെ പുസ്തകം കണ്ടോ?" അപ്പോഴാണ് തല പൊക്കിയത്.

ഇതിലെന്താപ്പോത്ര?

വായിക്കാൻ രസം തോന്നിയതുകൊണ്ട് വായിച്ചു. വായന മനുഷ്യനെ സമ്പൂർണനാക്കുന്നൂന്ന് മിനിഞ്ഞാന്നല്ലേ കുറുപ്പുമാഷ് പഠിപ്പിച്ചത്.

റീഡിംഗ് മേക്കത് ഏ പർഫക്ഷൻ മാൻ.

മന്ദാകിനിക്കൊന്നു സമ്പൂർണയാകാൻ മോഹമുണ്ടെങ്കിൽ അതിനിടങ്കോലിടണതാരാണേലും സഹിക്കൂല്ല. പറഞ്ഞേക്കാം.

യാചകമോഹിനിയും സൗദാമിനിയും വായിച്ചു തീർത്തിട്ട് ദേശസേവിനിയുമായി പടിഞ്ഞാറ്റയിലെ സിമന്റുതിട്ടയിൽ മലർന്നു കിടക്കുകയായിരുന്നു.

എന്തുസുഖമാണെന്നോ ഇവിടെക്കിടന്നു വായിക്കാൻ!

പിന്നിലെ നീണ്ട വരാന്തയുടെ രണ്ടുവശത്തും ഭിത്തിയോടു ചേർന്ന് നീണ്ട കട്ടിൽപോലെ സിമന്റു തിട്ടകൾ. നല്ല കറുത്ത സിമന്റ്. തൊടച്ചിട്ടാൽ മിനുമിനാ തിളങ്ങും. ഉഗ്രൻ തണുപ്പും. വേനൽക്കാലത്ത് ഉഷ്ണം പെരുകിയാൽ അച്ഛനും അമ്മാവന്മാരും കിടക്കാൻ കൈയ്യടക്കാൻ മത്സരമാണ്.

വെളിയിൽ നിന്നും കാറ്റും തറയിൽ നിന്നു തണുപ്പും– സുഖമേ സുഖം!

അട്ടഹാസം കേട്ടു ഞെട്ടിപ്പോയി!

തലപൊക്കി നോക്കിയപ്പോൾ മനേക്ഷാ മീശയും പിരിച്ച് കൊച്ചമ്മാവൻ!

(പട്ടാളക്കാർക്കൊക്കെ ഭയങ്കര ഗമയാല്ലേ?)

ദേഷ്യത്തിലാണോ?

ഓ. സാരമില്ല. താൻ തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ. അമ്മാവനെ നോക്കി വളരെ വിശാലമായൊന്നു ചിരിച്ചു. പല്ലു കാട്ടാതെ ഒരു വളിച്ച ചിരി.

മനസ്സിൽ തികട്ടി വന്നതെന്താണെന്നോ– 'മൈന്റ് യുവർ ഓൺ ബിസിനസ്സ്.'

അമ്മാവൻ വിടുന്ന ലക്ഷണമില്ല.

"വയസ്സു പന്ത്രണ്ടായല്ലേയുള്ളൂ. ഇതൊക്കെ ഒരു നാലഞ്ചുവർഷം കൂടിക്കഴിഞ്ഞു വായിച്ചാൽ മതി."

തർക്കുത്തരം പറയുന്നതു നല്ല കുട്ടികളുടെ ലക്ഷണമല്ല. മുതിർന്നവർ പറഞ്ഞാൽ അനുസരിക്കേണ്ടേ– (എതിർത്താൽ കിഴുക്കു കിട്ടിയെങ്കിലോ?)

പുസ്തകം അടച്ച് എണീറ്റു മൂരി നിവർന്നു.

സിമന്റിട്ട തറയിലെ തണുപ്പ് കാലിലേയ്ക്കും കടന്നിരുന്നു. ഓരോ ചുവടും വയ്ക്കുമ്പോൾ മുള്ളു കുത്തുന്നതുപോലെ. സമയമെടുത്തുള്ള ചുവടുവയ്പ്

അമ്മാവനെ ജ്വലിപ്പിച്ചിരിക്കണം.

അധികപ്രസംഗി– നിഷേധം കാട്ടുന്നതാവും.

അന്നു മനസ്സിൽ കരുതിയതാ.

പെട്ടെന്നു വലുതാവണം.

എനിക്കീ പുസ്തകമൊക്കെ വായിക്കണം.

പതിനാറു വയസ്സു കഴിഞ്ഞാൽ പിന്നെന്തും വായിക്കാമെന്നാണേട്ടന്റെ ഭാവം.

എന്റെ മാവും പൂക്കുമല്ലോ!

ഒരഞ്ചുവർഷം പെട്ടെന്നങ്ങോട്ടു പോവുക. പിന്നെ– കുറേ നാളത്തേയ്ക്ക ങ്ങനെതന്നെയിരിക്കണം. വയസ്സാകുകേ വേണ്ട.

വായിക്കണം. എല്ലാം വായിക്കണം.

ഇഷ്ടമുള്ളതൊക്കെ വായിക്കണം.

വായിച്ചു വായിച്ചു മതിയായീന്നു തോന്നുമ്പോൾ കാഴ്ച കുറഞ്ഞാൽ മതി. പിന്നെ വയസ്സായിക്കോട്ടെ.

കണ്ണു കാണാതായാൽ പിന്നെ വായിക്കില്ല.

വായിക്കണ്ട– പശു അയവിറക്കുന്നതുപോലെ അത്രയും നാളും വായിച്ച തൊക്കെ ഓർത്തോർത്തിരിക്കാം.

മന്ദാകിനി അയവിറക്കും കാലം!




വീട്ടിൽ അതിഥികൾ വന്നാൽ മന്ദാകിനിക്കു സ്ഥാനമില്ല. അവളെ ആരും ശ്രദ്ധിക്കില്ല. അന്വേഷിക്കില്ല.

മുടി നീളം കുറച്ച് കഴുത്തുവരെ വെട്ടിയിട്ട് മുട്ടിറക്കമുള്ള ഹാഫ് സ്കർട്ടും, ഷർട്ടല്ല, ബനിയനല്ല, എന്നാൽ ബ്ലൗസുമല്ല എന്ന മട്ടിലുള്ള ഒരു മേലുടുപ്പിട്ടു നടക്കുന്ന മന്ദാകിനിയെ ആരു നോക്കാനാണ്? ശ്രദ്ധിക്കാനാണ്?

അവളെ കാണണോ? പേരയുടെ മോളിൽ നോക്കണം. അല്ലെങ്കിൽ മാവിൻ കൊമ്പത്ത്. അതുമല്ലെങ്കിൽ കുളപ്പടവിലെ നനയ്ക്കുന്ന കല്ലിൽ. വെള്ളത്തിലേക്കു കാലുമിട്ട് മീനുകളോട് പായ്യാരവും പറഞ്ഞ്.

തൊടിയിൽ കിളയ്ക്കാനാളു വന്നിട്ടുണ്ടോ– അവരുടെ കൂടെ.

ഓലമെടയാൻ കൊച്ചുപെണ്ണ് ഇരിപ്പുണ്ടെങ്കിൽ അവരുടെ കൂടെ– കട്ടിൽ ചൂരൽ വരിയാൻ ജോലിക്കാർ വന്നിട്ടുണ്ടെങ്കിൽ അവരുടെ മുൻപിൽ– പിന്നെ– അവർക്കു വെള്ളം കൊടുക്കാൻ– ചോറു വിളമ്പാൻ.

മന്ദാകിനി എല്ലാത്തിനും റെഡിയാണ്.

കുളം വെട്ടുന്ന കാലമാണെങ്കിൽ– പിന്നെ മന്ദാകിനിക്കു വിശ്രമമില്ലല്ലോ– തെങ്ങിനു തടമെടുക്കുന്നിടത്ത്– കുളത്തിന്റെ വശങ്ങളിൽ തട്ടിടുന്നിടത്ത്, ചാലു കീറുന്നിടത്ത്– വെള്ളം വറ്റിയാൽ മടലെടുത്ത് ചെളി വടിക്കുന്നിടത്ത്–

എവിടൊക്കെയാ കണ്ണെത്തേണ്ടത്!

കണ്ണുമാത്രം പോരാ; ആളുമെത്തണം.

കുളം വെട്ടുകഴിഞ്ഞാൽ പിന്നെ രണ്ടുദിവസത്തെ ക്ഷീണമാ–

കുളം വെട്ടാൻ വരുന്ന ജോലിക്കാരുടെ ലീഡറാണ് കണ്ടങ്കോരൻ. മുപ്പത്തഞ്ചു വയസ്സു കാണും. കരിവീട്ടി നിറം. കട്ടശരീരം. വശത്തു വകഞ്ഞു ചീകിയൊതുക്കിയ ചുരുണ്ട മുടി.

ഒരു ശ്യാമസുന്ദരൻ.

ഓല മെടയുന്ന കറുത്ത പെണ്ണിന്റെ മകനാണ് കണ്ടങ്കോരൻ– തന്റെ മനസ്സിലെ ഹീറോ–

കഥ കേൾക്കുമ്പോൾ നായകന്റെ ശക്തിയെക്കുറിച്ച് പറഞ്ഞാൽ ആദ്യം തോന്നുന്ന സംശയം–

“നമ്മുടെ കണ്ടങ്കോരന്റത്രേം ശക്തിയുണ്ടാവുമോ?”

ചേച്ചിക്കും ചേട്ടന്മാർക്കും മന്ദാകിനിയുടെ ആരാധന ഒരു തമാശയാണ്. വടക്കൻ പാട്ടു വായിച്ചുകൊണ്ടിരുന്നപ്പോൾ അറിയാതെയൊന്നു പാടിപ്പോയി– “തത്തമ്മച്ചുണ്ടും പവിഴപ്പല്ലും

എങ്ങനെ മറക്കും എന്റെ കണ്ടങ്കോരാ–”

അമ്മ വടിയെടുത്തടിച്ചില്ലെന്നേയുള്ളൂ.

ഒരാളിനോടിഷ്ടം തോന്നിയാലതു പറയുന്നതിത്ര തെറ്റാണോ? മന്ദാകിനി അങ്ങനെയാ. മനസ്സിൽ തോന്നിയാൽ പറയും; പറയുന്നു ചെയ്തൂന്നുമിരിക്കും. ഈ ചേച്ചി തന്നെയല്ലേ ഒരു ദിവസം പറഞ്ഞത്.

“നീലക്കുയിലില് സത്യനിരിക്കുന്ന പോലുണ്ട് കണ്ടങ്കോരനെ ക്കണ്ടാലെന്ന്?”

മന്ദാകിനി പാടിയപ്പോൾ– ദാ തല്ലാൻ വര്ണു! അതാണു ലോകം.

ഒരുകാര്യം പറയാതെ വയ്യ. കണ്ടങ്കോരൻ കിളയ്ക്കുമ്പോൾ കാണാൻ ബഹുരസമാണ്. കറുത്ത വടിവൊത്ത ശരീരത്തിൽ മണ്ണിന്റെ നിറമുള്ള ഒരു ചുട്ടിത്തോർത്തേ ഉണ്ടാവൂ.

ആഞ്ഞു തൂമ്പയിട്ടു വെട്ടി മണ്ണു വലിക്കുമ്പോൾ മുന്നോട്ടു വന്ന ശരീരം പിന്നോട്ടു മലക്കും. കാലിലും കൈയ്യിലും മുതുകത്തും മസിലുരുണ്ടു കളിക്കും. ഏട്ടൻ മസിലു പെരുക്കുമ്പഴത്തേക്കാൾ വലിപ്പമാണ്; ഉറച്ചതാണ്.

കിളച്ചു കിളച്ചു പുറകോട്ടു വരുമ്പോൾ ശരീരം വിയർക്കും. മുതുകിന്റെ നടുവിലൂടെ ചാലുവച്ച് വിയർത്തൊഴുകും. പരുപതുത്ത കൈകൊണ്ട് നെറ്റിയിലെ വിയർപ്പ് വടിച്ചു കുടയും. കറുത്ത മുഖത്തെ വെളുത്ത നിരയൊത്ത പല്ലുകാട്ടിച്ചിരിക്കും.

“കുഞ്ഞേ, ഇത്തരി വെള്ളം.”

ഈ നേരത്തിനാണ് മന്ദാകിനി കാത്തിരിക്കുന്നത്. കലവറയിൽ ഷെൽഫിൽ തേച്ചുമിനുക്കിയ വെള്ളോട്ടുകിണ്ടിയിൽ അടുക്കളയിലെ ചെമ്പുകലത്തിൽ നിന്നും വെള്ളം പകർന്നുകൊണ്ടു പോകുമ്പോൾ കുഞ്ഞിരാമനു പാലുമായി അറയ്ക്കകത്തേയ്ക്കു കയറുന്ന ആർച്ചയാണെന്നാണു തോന്നൽ.

കിണ്ടിയുടെ മുരലിലൂടെ കുടുകുടാ വായിലേയ്ക്കൊഴിക്കുമ്പോൾ തൊണ്ടയിൽ മുഴ താഴോട്ടും മേലോട്ടും കയറിയിറങ്ങും.

നിറഞ്ഞ മനസ്സോടെ കിണ്ടി തിരിയെ തരുമ്പോൾ കണ്ടങ്കോരൻ ഒരു



ചിരി പാസ്സാക്കും. കണ്ണിന്റെ വെള്ള ചുവന്നു കലങ്ങിയിരിക്കും. വായിൽ കിടക്കുന്ന മുറുക്കാൻ ഒരു വശത്തേയ്ക്കു തള്ളിനീക്കിയിട്ടാണ് വെള്ളം കുടി ക്കുന്നത്. കുടിച്ചു കഴിഞ്ഞാൽ കവിളിന്നുള്ളിൽ നിന്നും വീണ്ടും നാക്കു കൊണ്ട് തിരിയെത്തോണ്ടി ചവച്ചുംകൊണ്ട് തൂമ്പയുമെടുത്ത് അടുത്ത തെങ്ങിൻ ചോട്ടിലേയ്ക്കു നടക്കും; പുതിയ തടത്തിന്റെ പണിക്കായി.




പവിഴമല്ലിത്തറയിലിരുന്നു മന്ദാകിനി മാലകോർക്കുകയായിരുന്നു. തറയിൽ നിറയെ പൂക്കളാണ്. ഈ സ്ഥലം മന്ദാകിനിക്കേറെ പ്രിയപ്പെട്ടതാണ്. തന്നെ ആരും കാണുന്നില്ല; തനിക്കല്ലാം കാണുകയും ചെയ്യാം. കുളത്തിന്റെ വക്കിലെ പേരയിൽ മീൻ പിടിക്കാൻ തക്കം പാർത്തിരിക്കുന്ന പൊന്മാനേയും ജിൽജിൽ എന്നു ചിലച്ചുകൊണ്ട് പ്ലാവിൽ ഓടിക്കയറുകയും കയറിയതിന്റെ ഇരട്ടി വേഗത്തിൽ താഴോട്ടോടിയിറങ്ങുകയും ചെയ്യുന്ന അണ്ണാനേയും അടുക്കളയുടെ പിന്നാമ്പുറത്തുനിന്നു പപ്പടക്കീറും കൊത്തി വാഴക്കൈയ്യിൽ വന്നു വിസ്തരിച്ചിരുന്നു തിന്നുന്ന കരിങ്കാക്കയേയും– എല്ലാം ഇവിടിരുന്നു നോക്കിയാൽ എത്ര ഭംഗിയായിട്ടാ കാണാൻ പറ്റുക!

രണ്ടുദിവസം മുൻപിവിടിരുന്നപ്പോഴാണ് പൂച്ചയും പട്ടിയും കൂടിയുള്ള ബോൽത്ത കണ്ടത്. വലിയ രമ്യതയിലായിരുന്നു ആദ്യം. കാണെക്കാണെ പൂച്ചയുടെ ഭാവം മാറിത്തുടങ്ങി. ദേഹത്തെ രോമമെല്ലാം കുറേശ്ശെ വിടരാൻ തുടങ്ങി. ദേഷ്യം വരുമ്പോഴത്തെ ഒരു മുരൾച്ചയും. പട്ടിയുടെ വാലിന്റെ ആട്ടം നിന്നു. ചെവി ഉയർത്തിപ്പിടിച്ചു. കണ്ണടച്ചു തുറക്കുന്നതിനു മുൻപ് ഒരു കുരയും ഒരു ചാട്ടവും. നമ്മുടെ പൂച്ചക്കുറിഞ്ഞ്യാരുണ്ടോ വിടുന്നു. മിന്നൽ കണക്കെയാണ് പ്ലാവിലേയ്ക്കോടിക്കയറിയത്!

അമ്പടി കേമി!

മരത്തിന്റെ മുകളിൽ മുരണ്ടുകൊണ്ട് പൂച്ചയും താഴെ മേലോട്ടു നോക്കി മുറുമുറുത്തുകൊണ്ട് പട്ടിയും.

എത്ര നേരം അങ്ങനെ നിന്നെന്നോ!

ആരാ ആദ്യം തണുത്തതെന്നു കാണാൻ പറ്റീല്ല. അതിനു മുൻപേ അമ്മ വിളിച്ചു കളഞ്ഞു. നല്ല രസം പിടിച്ചുനിന്നതായിരുന്നു; ഒരു സിനിമ കാണുന്നപോലെ!

പക്ഷേ– പിന്നെ രണ്ടിനേം കൂട്ടിമുട്ടിക്കണ്ടിട്ടേയില്ല.

പൂ പറിക്കുന്നതിനും മാല കോർക്കുന്നതിനുമൊക്കെ ചില പ്രത്യേക പ്രകൃതി നിയമങ്ങളുണ്ടെന്നാണ് മുത്തച്ഛൻ പറഞ്ഞിട്ടുള്ളത്. നല്ലതുപോലെ വിടർന്ന പൂവ് ചെടിയിൽ തന്നെ നിർത്തണം. അത് ചെടിയുടെ അവകാശ മാണ്.

മൂന്നുമണി സമയത്താണ് പിച്ചിമൊട്ടു പറിക്കാൻ പറ്റിയ നേരം കരിമൊട്ട് പ്രാർഥനയിൽ കുതിർന്നു വീർത്തു പാകമാവുന്ന വേള. അപ്പോൾ പറിച്ചു കെട്ടി വെള്ളം തളിച്ചുവെച്ചാൽ രാത്രിനേരമാകുമ്പോൾ ഒക്കെ വിരിയുകയാ



യി. വച്ചിരിക്കുന്ന മുടിയിലൊക്കെ എന്തു സുഗന്ധമായിരിക്കുമെന്നോ!

ഒരു ചെറുമാല കൊണ്ടൊരു വസന്തംവന്നപോലെ!

കഴുത്തോളം മുടിമുറിച്ചിട്ടിരിക്കുന്ന തനിക്കെന്തിനാ മാല?

ഇതു നമ്മുടെ സുന്ദരിചേച്ചിക്ക്.

അമ്മുവെന്ന അമ്മയുടെ പുന്നാരക്കുട്ടി അമൃതയ്ക്ക്.

കാര്യം ശരിയാ. നല്ല ഭംഗിയുണ്ട് ചേച്ചിയെക്കാണാൻ!

നല്ല നിറം.

ചന്ദനം തൊട്ടാൽ ദൂരേന്നു നോക്കിയാലറിയില്ല തൊട്ടിട്ടുണ്ടെന്ന്.

കൊച്ചേട്ടൻ ഒരിക്കൽ കളിയാക്കിയതാ കരിക്കലത്തില് മാവ് പറ്റിപ്പിടിച്ച പോലേന്ന്.

മന്ദാകിനി ചന്ദനക്കുറിയിട്ടതു നോക്കിയിട്ടാ അന്നു പറഞ്ഞത്; കരിക്കലത്തില് മാവ് പറ്റിപ്പിടിച്ചപോലേന്ന്.

മുത്തച്ഛൻ തൊട്ടുതന്ന ഗോപി ചന്ദനക്കുറി മാറിനിന്നു ചുരണ്ടിക്കളഞ്ഞു.

“എന്നാ എനിക്കു കുറിയേ വേണ്ടല്ലോ. ഒണ്ടെങ്കിലല്ലേ കളിയാക്കൂ.”

അന്നു നിശ്ചയിച്ചതാ ഇനി ചന്ദനക്കുറിയേയിടില്ലാന്ന്.

പൗഡറിടില്ലാന്നു നിശ്ചയിച്ചതും ഇതുപോലെ തന്നെ– ഏഴാം ക്ലാസ്സില് പഠിക്കുമ്പോഴാ.

എങ്ങനെയാ ഒരുങ്ങണതെന്നൊന്നും വലിയ നിശ്ചയമില്ല. കുളി കഴിഞ്ഞു വന്നാൽ എല്ലാരും കുറെ പൗഡർ തട്ടിക്കുടഞ്ഞു മുഖത്തു പൊത്തുന്നതു കണ്ടിട്ടുണ്ട്. കണ്ണാടിയിൽ നോക്കാനൊക്കെ ആർക്കു നേരം! പ്ലാവിൻ ചോട്ടിൽ അണ്ണാൻകുഞ്ഞു വീണു കിടക്കുന്നൂന്നു കേട്ടപ്പോൾ തുടങ്ങിയ ധൃതിയായിരുന്നു.

ചെന്നപ്പോഴേയ്ക്കും കൊച്ചേട്ടന്റെ വാനരക്കൂട്ടങ്ങള് എത്തിക്കഴിഞ്ഞിരുന്നു. അണ്ണാനെ അവർ തട്ടിയെടുത്തിരിക്കുന്നു! തന്റെ മുഖം കണ്ടപ്പോൾ കാര്യം അത്ര പന്തിയല്ലാന്ന് കൊച്ചേട്ടൻ ഊഹിച്ചുകാണും. പതുക്കെ ഒരു പ്ലാവിലയിൽ ചോരയൊലിപ്പിച്ചു കിടക്കുന്ന അണ്ണാനെ വച്ചിട്ട് പുള്ളി മാറിക്കളഞ്ഞു.

ഇതാണു മന്ദാകിനിക്കു പിടിക്കാത്തത്. ഈ പറമ്പിലെ ഓരോ മരത്തിന്റെയും, മരത്തിൽ പാർക്കുന്ന  ജീവികളുടെയും ഉടമ താനാണെന്നാർക്കാ അറിയാത്തത്?

ഒരില കൊഴിഞ്ഞാൽ മന്ദാകിനി അറിയും.

ഒരു പൂ വാടിയാൽ– അടർന്നു താഴെ വീണാൽ–

ഒരു പുതുവള്ളി വീശിയാൽ–

ഉലഞ്ഞു മേലോട്ടു കേറിയാൽ– അതാദ്യം കാണുന്നതു മന്ദാകിനിയാണ്.

ഏതെല്ലാം മരങ്ങളിൽ പക്ഷിക്കൂടുണ്ടെന്നും ഏതൊക്കെ കൂട്ടിൽ മുട്ട വിരിയാറായെന്നും മന്ദാകിനിക്കേ അറിയൂ. തന്റെ സാമ്രാജ്യത്തിൽ കൈ കടത്താൻ വരുന്ന ആരെയും വെറുതെ വിടില്ല. പറഞ്ഞേയ്ക്കാം.

പാവം! ന്റെണ്ണാൻ കുഞ്ഞിക്കൃഷ്ണൻ!

ഇന്നലേംകൂടി ഫില്ലറിൽ പാലെടുത്തുകൊടുത്ത് കാർഡ്ബോർഡ് പെട്ടീൽ വിട്ടതായിരുന്നു! കണ്ടൻ പൂച്ചയായിരിക്കും കടിച്ചത്. കൈയ്യില് കോരിയെടുത്ത് നെഞ്ചോടടുക്കി തിരിയെ നടക്കുമ്പോൾ വാനരത്താന്മാര് പിന്നിൽ നിന്നു പാടുകയാണ്–

"പൗഡറിട്ടു മിനുക്കിവച്ചൊരു
മോന്തയെന്തതിസുന്ദരം!
ചാരംപറ്റിയൊരോട്ടുചട്ടി
യതിന്നുമില്ലിഹയന്തരം!

സങ്കടം വന്നുപോയി. കറുത്തയാളുകൾക്കു പൗഡറിടാൻ പാടില്ലേ? ഞാൻ മാത്രമെന്താ ഇങ്ങനെ കറുക്കാൻ? അമ്മേച്ചീടെ നിറത്തിന്റെ കാൽഭാഗമെനിക്കു കിട്ടിയാൽ മതിയായിരുന്നു!

പൗഡറിട്ടതുകൊണ്ടല്ലേ പാടിയത്?

ഇനി പൗഡറുമിടില്ല. ന ിക്കു സൗന്ദര്യമൊന്നും വേണ്ട. വേണംന്നുള്ളവരല്ലേ ഇത്രം വേഷം കെട്ടണത്? മന്ദാകിനിക്കു സുന്ദരിയാകണ്ടെങ്കിലോ–

സാരമില്ല. ഒരിക്കൽ വല്യേട്ടൻ കൊണ്ടുവന്ന റീഡേഴ്സ് ഡൈജസ്റ്റിലുണ്ടായിരുന്നു.

"ദി മോസ്റ്റ് ബ്യൂട്ടിഫുൽ തിംഗ്സ് ഇൻ വേൾഡ് ആർ ബ്ലാക്ക്.

എന്തു സന്തോഷം തോന്നീന്നോ കണ്ടപ്പോൾ!

ഇതാരോ എനിക്കുവേണ്ടി എഴുതിയതാ–

ഇതാരോ എന്നെക്കുറിച്ചെഴുതിയതാ.

വെട്ടിയെടുത്തു വെയ്ക്കണംന്നു വിചാരിച്ചു. മറന്നുപോയി. പിന്നെ തെരക്കിച്ചെന്നപ്പോഴേയ്ക്കും ഏട്ടന്റെ കൂട്ടുകാരാരോ കൊണ്ടുപോയ്ക്കഴിഞ്ഞിരുന്നു.

ഓ! ഇനി നോക്കണ്ട.

ബാലേട്ടനങ്ങനെയാ. ആളൊരു ധർമപുത്രർ അതോ കർണനോ? ആരു വന്നെന്തു ചോദിച്ചാലും എടുത്തുകൊടുത്തു കളയും. പുസ്തകം– പാട്ട്– പെൻസെറ്റ്– ഷർട്ടുപോലും– ബാലേട്ടന്റെ സാധനങ്ങൾ കൈയ്യടക്കാത്ത ഒരു കൂട്ടുകാരനുമില്ല. ചോദിച്ചാൽ പറയുന്ന സമാധാനം അതിലേറെ രസം!

"ഓ! ഇതൊക്കെ ഏറ്റവും കൂടുതലാളുകളുടെ കൈമറിഞ്ഞു പോകുമ്പഴാ അതിന്റെ വാല്യൂ കൂടണത്? അതറിയ്യോ നിനക്ക്?

പിന്നെന്തു പറയാൻ!

രാത്രി കിടക്കാൻനേരം ഓട്ടക്കണ്ണിട്ടുനോക്കി. അമ്മുവേച്ചിക്ക് രാത്രീലും ഒരുക്കമാണ്. കിടക്കുന്നതിനു മുൻപ് നീണ്ട ചുരുണ്ട മുടി ഒടക്കു നിവർത്തി എല്ലാംകൂടി തൂത്തു മോളിലേയ്ക്കു കേറ്റി കെട്ടിവയ്ക്കും.

ഇനിം വളരാനാണത്രേ!

എന്തോരം വേണമീ മുടി?

രാജകുമാരൻ വരുമോ?

മാളികമുകളിൽ നിന്നഴിച്ചിട്ട മുടിയിൽ തൂങ്ങി പിടിച്ചുകേറി റാപ്പുൺസലിനെ രക്ഷിക്കുന്ന രാജകുമാരൻ?

അറിയാതെ തലേലൊന്നു തടവി നോക്കി. കഴുത്തുവരെ വന്നു ഠപ്പേന്നു നിൽക്കുന്ന കോലൻ മുള്ളൻ മുടി. ഹേ– എനിക്കെങ്ങും വേണ്ട. അടുത്ത തവണ ഞാൻ ബോയ്കട്ട് അടിക്കാൻ പോകുവാ. മനസ്സിലുറപ്പിച്ചു.

"മനൂ– മനുക്കുട്ടീ... എവിടെപ്പോയി അവള്?

അമ്മൂമ്മ കൈയ്യിലെന്തോ കരുതീട്ടുണ്ടാവും. അതു തരാനാ വിളിക്കണത്. ഇത്ര സ്നേഹത്തോടെ ഇത്ര അലിവോടെ പിന്നാരായീ വീട്ടില് തന്നെയിങ്ങനെ വിളിക്കാൻ?

"മനൂ... മനുക്കുട്ടീ..."

കോർത്തു കെട്ടിത്തീർത്ത മാല ചുറ്റി ഇലക്കീറിൽ വട്ടത്തിൽ വച്ച് മന്ദാകിനി പവിഴമല്ലിത്തറയിൽ നിന്നും ചാടിയിറങ്ങി.




ക്ലാസ്സിലും മന്ദാകിനി ഒറ്റക്കുരുവിയാണ്.

പ്രത്യേകിച്ചാരോടും കൂട്ടില്ല. എപ്പോഴാ ഇടയുകാന്നറിയില്ലെന്നാണ് കൂട്ടുകാരുടെ പറച്ചിൽ.

സംഗതി ശരിയാണ്.

മന്ദാകിനിക്കു പെട്ടെന്ന് ദേഷ്യം വരും.

ദേഷ്യം വന്നാൽ മനസ്സിൽ തോന്നുന്നത് ഉറക്കെ വിളിച്ചു പറയും. ആരാണു നിൽക്കുന്നതെന്നു നോക്കില്ല. ആരെക്കുറിച്ചാണെന്നുമോർക്കില്ല. പറഞ്ഞാൽ ചിലർക്ക് പിടിച്ചില്ലാന്നു വരും.

ഇല്ലെങ്കിൽ– കഴിഞ്ഞവർഷം ഹെഡ്മാസ്റ്ററുടെ മകൾ ഹോംവർക്കു ചെയ്യാതെ വന്നപ്പോൾ ടീച്ചറെല്ലാവരെയും അടിയിൽ നിന്നൊഴിവാക്കിയതിനെക്കുറിച്ച് മന്ദാകിനി മാത്രമല്ലേ ശബ്ദമുയർത്തി ചോദിച്ചുള്ളൂ?

തലേദിവസം ഹോംവർക്കു ചെയ്യാതെ വന്ന കുട്ടികളുടെ കൂട്ടത്തിൽ മന്ദാകിനിയും എണീറ്റു നിന്നതല്ലേ. കിട്ടിയല്ലോ രണ്ടടി!

പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ തല്ലാൻ പാടുണ്ടോ എന്നതൊരു ചോദ്യം.

പോട്ടെ. സാരമില്ല. നന്നാവാനല്ലേ ടീച്ചറന്മാര് അടിക്കണതും വഴക്കുപറയണതും. സമ്മതിച്ചു കൊടുത്തേക്കാം.

പക്ഷേ– എന്തുകൊണ്ടാണു ഹോംവർക്കു മുഴുമിക്കാത്തതെന്നു ചോദിച്ചില്ലാന്നത് മറ്റൊരു ചോദ്യം.

കണ്ണിൽ മുഴുവനും തലേന്നാളത്തെ ഉറക്കം തളംകെട്ടി നിൽക്കുകയായിരുന്നു...

അയ്യപ്പൻ പാട്ടും തീയിൽച്ചാടലുമെല്ലാം കഴിഞ്ഞ് കെട്ടും നിറച്ച് അമ്മാവനും ഏട്ടന്മാരും മലയ്ക്കുപോയപ്പോൾ വെളുപ്പിനു നാലരമണി!

വന്നു തലേംകുത്തിക്കിടന്നൊരുറക്കമായിരുന്നു. അതിനിടയിലെങ്ങനെയാ

ഹോംവർക്കു ചെയ്തു തീർക്കുക!

അയ്യപ്പൻപാട്ടിന്റെ പേരിൽ എന്തെല്ലാം ജോലികളാ മന്ദാകിനി ഒറ്റയ്ക്കു ചെയ്തുതീർത്തതെന്നറിയാമോ?

പൂവായ പൂവെല്ലാം പറിച്ചു

മാലകളെത്രയാ കെട്ടിയത്!

പായസത്തിലിടാനുള്ള കൊട്ടത്തേങ്ങയത്രയും അരിഞ്ഞുകൊടുത്തു.

സദ്യയ്ക്കുള്ള ഇലയൊക്കെ തുടച്ചെടുത്തു.

എന്നിട്ടിപ്പോൾ– ഇതിന്റെയൊക്കെയിടയിൽ ഹോംവർക്കു ചെയ്തില്ലാന്നും പറഞ്ഞ് അടിയും! ഉള്ളൻകൈയ്യിൽ നെടുനീളത്തില് തിണർത്തു കിടന്നിരുന്നു. രണ്ടുപാട്!

അതു മാഞ്ഞിട്ടില്ല.

അപ്പോ ദേ– ഇന്നു ഹോംവർക്കു ചെയ്യാത്ത കുട്ടികളുടെ കൂട്ടത്തിൽ നന്ദിനിയെ കണ്ടപ്പോഴേയ്ക്കും– ടീച്ചറിന്റെ മുഖത്തിനു വന്ന മാറ്റം!

പത്തു മിനിട്ടു സമയം തരാമത്രേ. അതിനിടയിൽ എല്ലാവരും ചെയ്തു തീർത്താൽ മതിയെന്ന്. ഈ പത്തുമിനിട്ട് തനിക്കും ഇന്നലെ കിട്ടീരുന്നെങ്കിലോ!

“അതു ശരിയല്ല ടീച്ചറേ. ഹോംവർക്കു ചെയ്യാത്തവർക്ക് അടിയാണു കൊടുക്കേണ്ടത്. ഇന്നലെ ഞങ്ങളെ തല്ലീല്ലേ? ഇന്നെന്താ തല്ലാനൊരു വിഷമം?

ക്ലാസ്സാകെ നിശബ്ദമായി. തന്റെ സ്വരത്തിനിത്രയൊച്ചയുണ്ടെന്ന് മന്ദാകിനി അപ്പോഴാണറിഞ്ഞത്.

കാക്കക്കൂട്ടിൽ കല്ലെറിഞ്ഞതുപോലെയായിരുന്നു തൊട്ടുമുൻപിലത്തെ നിമിഷം.

ഇപ്പോഴോ?

ഒന്നുറക്കെ ശ്വാസം വിട്ടാൽ കേൾക്കാം.

“മന്ദാകിനി ഇരിക്കൂ.”

ടീച്ചറിന്റെ ശബ്ദമുയർന്നു.

ജാനകീദേവി ടീച്ചറാണ്. അവർക്കു പണ്ടേ ഇഷ്ടമല്ല മന്ദാകിനിയെ.

എന്തൊരിളക്കംപിടിച്ച കുട്ടി!

ആണായിപ്പിറക്കേണ്ടതായിരുന്നു.

എപ്പോഴും മന്ദാകിനിയെക്കുറിച്ചിങ്ങനെയേ പറഞ്ഞിട്ടുള്ളൂ.

“ഞാനിരിക്കാം ടീച്ചറെ, പക്ഷേ ഇക്കാട്ടീത് ശരിയല്ല. ടീച്ചറ് പക്ഷപാതം കാട്ടുകയാ. നിയമം എല്ലാവർക്കും ഒരുപോലെയാ. ഞങ്ങള് സിവിക്സിൽ പഠിച്ചിട്ടുണ്ടല്ലോ!”

ടീച്ചർ ഒന്നും മിണ്ടാതെ ക്ലാസ്സിൽ നിന്നിറങ്ങിപ്പോയി. മന്ദാകിനി തലയു

യർത്തി. ചുറ്റിനുമുള്ളവരൊക്കെ അവളെത്തന്നെ നോക്കുകയാണ്. പക്ഷേ എല്ലാവരുടെയും മുഖങ്ങളിൽ കുറ്റപ്പെടുത്തുന്ന ഒരു നോട്ടമാണ്.

സോഷ്യൽ സ്റ്റഡീസ് ക്ലാസ്സിലിരിക്കുമ്പോഴാണ് ഓഫീസ്സിൽ നിന്നു പ്യൂൺ ഗണേശൻ ചിറ്റും കൊണ്ടുവന്നത്.

മന്ദാകിനിയെ ഹെഡ്മാസ്റ്റർ വിളിക്കുന്നു.

എപ്പോഴേ പ്രതീക്ഷിച്ചിരുന്നതാണീ വിളിയെന്ന മട്ടിൽ മന്ദാകിനി എണീറ്റു. അപ്പോഴും ക്ലാസ്സിലാർക്കും മിണ്ടാട്ടമില്ല.

ഭീരുക്കൾ... ആരെങ്കിലും തന്നെ തുണയ്ക്കുന്നുണ്ടോന്നു നോക്കൂ. എല്ലാവർക്കും നല്ല കുട്ടിയായാൽ മതി.

ഒന്നും പറയാതെ, ഒന്നും ചോദിക്കാതെ എല്ലാം മിണ്ടാതനുസരിക്കുന്ന



പാവകൾ!

അതിനു മന്ദാകിനിയെ കിട്ടൂല്ല.

ഫ്രെയിം ചെയ്തു വച്ചിരിക്കുന്ന ഗാന്ധിജിയുടെയും പണ്ഡിറ്റ്ജിയുടെയും പടങ്ങൾക്കു മുന്നിൽ മഞ്ഞ ടർക്കി ടൗവ്വൽ വിരിച്ച കസേരയിൽ അങ്ങനെ വിസ്തരിച്ചിരിക്കുകയാണ് സഹസ്രനാമയ്യർ എന്ന ഹെഡ്മാസ്റ്റർ. വിശാലമായ മുറിയിൽ സാറിന്റെ വലതുവശത്തായി കണ്ണാടി അലമാരകളിൽ നിറയെ മിടുക്കൻമാരായ കുട്ടികൾ സ്കൂളിനുവേണ്ടി വാങ്ങിക്കൂട്ടിയ കപ്പുകളും ട്രോഫികളുമാണ്. ഇടതുവശത്ത് ഒരു പീഠത്തിൽ കത്തിക്കാതെ കത്തി നിൽക്കുന്ന കൂറ്റൻ ഓട്ടുവിളക്ക്. അത് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ പൈസ പിരിച്ചതിന് ലഘു സമ്പാദ്യപദ്ധതിക്കാർ സ്കൂളിനു സമ്മാനിച്ചതാണ്. ഹോ! തന്റേംകൂടി വിയർപ്പൊഴുക്കീട്ടാ അത് കിട്ടിയത്. മന്ദാകിനിയുടെ ക്ലാസ്സിൽ നിന്നാണേറ്റവും പിരിവു കിട്ടിയത്. തെല്ലഭിമാനത്തോടെ വിളക്കിനു നേരേ ഒരു നോട്ടമെറിഞ്ഞിട്ട് മന്ദാകിനി മുന്നോട്ടു നീങ്ങി.

“നമസ്തേ സാർ”–

താൻ നടന്നു വരുന്നത് കണ്ണാടിക്കിടയിലൂടെ നോക്കിക്കൊണ്ടിരുന്ന സഹസ്രനാമയ്യർ സാർ കഴുത്തൊന്നു താളാത്മകമായി ചലിപ്പിച്ചു. അതായത് മന്ദാകിനിയുടെ നമസ്തേ സ്വീകരിച്ചുവെന്നർഥം.

ഇതാണു മന്ദാകിനിക്കു പിടിക്കാത്തത്.

ഈ വലിയ ആളുകൾക്ക് – മുതിർന്നവർക്കൊരു മര്യാദയുമില്ല. നമസ്തേ പറഞ്ഞാൽ രാജാവായാലും തിരിച്ചു നമസ്തേ പറയണമെന്നാണു നിയമം.

ആരുണ്ടാക്കിയതാണെന്നു ചോദിക്കരുത്.

എവിടെ എഴുതിവച്ചിട്ടുണ്ടെന്നും ചോദിക്കരുത്. പക്ഷേ അതങ്ങനെയാ.

നമ്മൾ ഗുഡ്മോണിംഗ് പറഞ്ഞാൽ തിരിച്ചു ഗുഡ്മോണിംഗ് പറയണം. നമസ്തേ പറഞ്ഞാൽ തിരിച്ചും നമസ്തേ.

ഇതൊക്കെ മുതിർന്നവരുടെ പ്രതിമര്യാദകളാണ്. ഇവിടെ എന്തെല്ലാം കാണണം!

ചിലർ കണ്ണൊന്നു ചിമ്മും; അല്ലെങ്കിൽ പുരികമൊന്നു വെട്ടിക്കും. അതുമല്ലെങ്കിൽ പാവക്കൂത്തിലെ പേശാമടന്തയെപ്പോലെ കഴുത്തൊരു കുലുക്കൽ.

അത്രയൊന്നു മതീന്നാണു ഭാവം!

“10–ബിയിലെ മന്ദാകിനി അല്ലേ?”

“അതെ സാർ”

“എന്താ ടീച്ചേഴ്സിനോടൊരു ബഹുമാനമില്ലാതെ പെരുമാറുന്നൂന്നു കേട്ടല്ലോ? അമൃതയുടെ സിസ്റ്ററല്ലേ? ഷീ വാസെ വെരിഗുഡ് ഗേൾ. എക്സലന്റ് ഇൻ ഹെർ സ്റ്റഡീസ്. ആന്റ് മോഡസ്റ്റ് ഇൻ ബിഹേവ്യർ. ട്രൈ ടു ബി ലൈക്ക് ഹെർ.” (ശബ്ദം ഒരു ഡിഗ്രികൂടി ഉയർത്തീട്ട്) “ഡോൺട് റിപ്പീറ്റി

റ്റ്– ങ്ങും. പോയ്ക്കോളൂ.”

അവസാനത്തെ വാചകം പറയാൻ നേരം മുഖമുയർത്തി കണ്ണാടിയുടെ താഴത്തെ ‘റ’യിൽ കൂടിയാണു നോക്കിയത്. ഒരു ചെറിയ കോങ്കണ്ണു വന്നു വോന്നൊരു സംശയം.

ഒരു വലിയ ജോലി ചെയ്തുതീർത്തെന്ന മട്ടിൽ നിവർത്തി വച്ചിരിക്കുന്ന ഫയലിലേയ്ക്ക് അദ്ദേഹം തിരിയെ തലപൂഴ്ത്തി.

ഇനി ഇവിടെ നിൽക്കണ്ടല്ലോ.

മന്ദാകിനിക്കു പെരുവിരലിൽ നിന്നൊരീറ അരിട്ടു കയറി.

ട്രൈ ടുബി ലൈക്ക് ഹെർ.

അതാണൊട്ടും സഹിക്കാൻ പറ്റാത്തത്.

ഒരാൾക്കെങ്ങനെയാ മറ്റൊരാളാകാൻ കഴിയുക?

മറ്റൊരാളെപ്പോലെ മന്ദാകിനിയാവണംന്ന്ച്ചാൽ മന്ദാകിനി ഇല്ലാതാവണംന്നർഥം. അതേ പറ്റൂ.

ആ തിരിഞ്ഞു പോകലിൽ കീഴടങ്ങേണ്ടി വരുന്ന ഒരു സേനാനായകന്റെ ധർമസങ്കടം തളംകെട്ടിനിന്നിരുന്നു.




മിടുമിടുക്കിയായ ഒരു ചേച്ചിയുണ്ടായിപ്പോയതിന്റെ ശിക്ഷയാണ്. പക്ഷേ ചേച്ചി ചെയ്യാത്തതെന്തെല്ലാം മന്ദാകിനിക്കറിയാം! അതാരും സമ്മതിച്ചു തരില്ല.

പേരയിൽ കയറണോ– പേരയ്ക്ക പറിക്കണോ?

പറിച്ചുകൊടുത്താൽ തിന്നാൻ മാത്രമേ ചേച്ചിക്കറിയൂ. കൊമ്പിപ്പശുവിനെ പിടിച്ചു കെട്ടണോ?

ആയമ്മ അതിനു മുൻപിൽ പേടിച്ചു തിരുവാതിര കളിക്കും!

മുറ്റം മുഴുവനും തൂക്കണോ?

അയ്യോ! പാവം അമ്മൂന് നടുവിനു സുഖമില്ലാത്തതല്ലേ. മനു തൂക്കുമല്ലോ. (മനുവിന് ആ പറഞ്ഞ കാര്യം ഇല്ലെന്നു തോന്നും.)

തേങ്ങ പൊതിക്കണോ?

ചേച്ചിക്കു തേങ്ങ ചുരണ്ടാനേ അറിയൂ; പൊതിക്കാനറിയില്ല.

ആട്ടത്തിൽ വിറകടുക്കി വെയ്ക്കണോ?

അതിനും മന്ദാകിനി റെഡി.

തോട്ടികെട്ടി ചക്ക അടർത്തണോ?

മന്ദാകിനിയെ കഴിഞ്ഞേ അതിനാളുള്ളൂ!

പിന്നെ– കൈലേസ്സിൽ പൂ തുന്നാനോ പുഡ്ഡിംഗ് ഉണ്ടാക്കാനോ മുറിയടുക്കി വയ്ക്കാനോ വീണ വായിക്കാനോ മന്ദാകിനിക്കു കഴിഞ്ഞില്ലാന്നു വരും.

ഓ. അതില്ലെങ്കിലും ആരും മരിച്ചു പോകുകയൊന്നുമില്ലല്ലോ. അതുകൊണ്ടത്രയ്ക്കു പുച്ഛിക്കുകയും വേണ്ട.

ഇതൊക്കെ ആരോടാ ഒന്നു പറഞ്ഞു മനസ്സിലാക്കുക? വീട്ടിൽ തന്റെ മനസ്സറിയുന്ന ഒരേ ഒരു കൂട്ട് അമ്മൂമ്മയാണ്. അമ്മൂമ്മ വീട്ടിലുള്ള സമയത്താണൊരാശ്വാസം. എല്ലാരുടേം കൊട്ടലിൽ നിന്നു രക്ഷപ്പെടുത്തുന്നതമ്മൂമ്മയാണ്.

അവള് കൊച്ചല്ലേ– പാവം!

പിന്നെ തന്നെ ഇഷ്ടപ്പെടുന്നയാൾ ചെറ്യേമ്മയുടെ മകൻ ബാലേട്ടനാണ്. ചെറിയച്ഛനും ചെറ്യേമ്മയും അപകടമരണത്തിൽ പോയതോടെ അമ്മ ഏറ്റെടുത്തതാണ് അവരെ രണ്ടാളേം– ബാലേട്ടനും കൊച്ചേട്ടനും. അമ്മൂമ്മ പറയുന്നത് ആൺമക്കളില്ലാത്ത അമ്മയ്ക്ക് ദൈവം കൊടുത്തതാണ് അവരെ രണ്ടാളേംന്നാണ്. പ്രായം കൂട്ടിനോക്കിയാൽ ഒന്നിടവിട്ടൊന്നിടവിട്ടുവരും എല്ലാവരും.

വല്യേട്ടൻ– ബാലേട്ടൻ
അമ്മേച്ചി
കൊച്ചേട്ടൻ
മന്ദാകിനി.



പ്രായത്തിൽ പത്തു വയസ്സിന്റെ മൂപ്പേയുള്ളൂവെങ്കിലും ബാലേട്ടന് ഒരിരുപതു വയസ്സിന്റെ മേനി കൂടുതലുണ്ട് ബുദ്ധിക്ക്. സദാസമയവും വായനയും പാട്ടുകേൾക്കലുമാണ്. സംസാരം കമ്മി– അഥവാ മിണ്ടിയാൽ തന്നെ ഏറിയകൂറും തന്നോടാണ്. എല്ലാരുംകൂടി തന്നെ കുരിശിലേറ്റുമ്പോൾ താങ്ങാൻവരുന്ന അത്താണിയാണ്.

മനുക്കുട്ടി പറഞ്ഞതാ ശരി.

ഞാൻ മനുക്കുട്ടീടെ സൈഡിലാ.

ഓ! അതുകേൾക്കുമ്പോൾ എന്താശ്വാസമാണെന്നോ!

താങ്ങാനൊരാളുള്ളതിന്റെ സുഖം!

ഒരുദിവസം ഇതുപോലൊരു തർക്കം കഴിഞ്ഞ് പെയ്തുതോർന്ന മനസ്സുമായി ആ ഇരുപത്തിഞ്ചുകാരന്റെ തലകുനിച്ചു ചെവിയിൽ മന്ത്രിച്ചു.–

"ഗോഡ് ബ്സസ്സ് യൂ മൈ സൺ!"

ബാലേട്ടൻ ഉറക്കെച്ചിരിച്ചുപോയി. തന്റെ ഓർമയിൽ ആദ്യമായി ബാലേട്ടൻ ഉറക്കെ ചിരിച്ചുകണ്ട ദിവസം! ഇതിൽ കൂടുതലെങ്ങനെയാ നന്ദി പ്രകടിപ്പിക്കുക! വേണമെങ്കിൽ അമ്മൂമ്മ അരിയുണ്ടയുണ്ടാക്കിത്തരുന്ന ദിവസം തന്റെ പങ്കുംകൂടി കൊടുത്തേക്കാം.

മന്ദാകിനിക്കേറ്റവും ഇഷ്ടമുള്ളതാണ് അരിയുണ്ട. ഇഷ്ടമുള്ളതു കൊടുത്താലേ ത്യാഗമാവൂന്നു ഫാദർ സിൽവാനിയോസ് പഠിപ്പിച്ചു തന്നതാണ്. ഏറ്റവും ഇഷ്ടമുള്ള ആൾക്ക് നാം ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന സാധനം കൊടുക്കണം.

നമുക്കു വേണ്ടാത്തതാർക്കെങ്കിലും കൊടുത്താൽ അത് ത്യാഗമാകുമോ? തലേദിവസത്തെ ചോറു വെള്ളമൊഴിച്ചിട്ടതും വളിച്ച കൂട്ടാനുംകൂടി ഭിക്ഷക്കാരനു കൊടുത്താൽ അത് ദാനമാകുമോ? ത്യാഗമാകുമോ?

ഇന്നാളമ്മ വലിയ കാര്യത്തിനെടുത്തു കൊടുത്തു. ചീത്തയായ സാമ്പാർ.

എടുത്തപ്പോഴേ പറഞ്ഞതാ – വേണ്ടമ്മേ– അത് ചീത്തയായിരിക്കുന്നൂന്ന്. ഓ. അവർക്കൊക്കെ അതുമതീന്നാ അമ്മയുടെ വിചാരം.

അവരും മനുഷ്യരല്ലേ. നമുക്കു കഴിക്കാൻ പറ്റാത്തത് അവർക്കു കഴിക്കാൻ പറ്റുമോ?

എടുത്തു ദൂരെ ഒരേറെറിഞ്ഞു അയാൾ!

അതു പറഞ്ഞതിനമ്മേടെ കയ്യീന്നു കിഴുക്കും കിട്ടി.

കഴിഞ്ഞമാസം മുഴുവനും മനസ്സിൽ ആലോചിച്ചുകൊണ്ടു നടന്നിട്ടാണ് അമ്മാവൻ ബോംബെയിൽ നിന്നും കഴിഞ്ഞ പിറന്നാളിന് അയച്ചുതന്ന ഗാഗ്രാചോളിയെടുത്ത് മിനിഞ്ഞാന്ന് അച്ഛന്റെ പ്യൂണിന്റെ മകൾക്കു സമ്മാനിച്ചത്.

മന്ദാകിനി ഗാഗ്രാ ചോളിയിട്ടു കേട്ടിട്ടുണ്ടോ?

ആരെങ്കിലും രണ്ടു ഹാഫ് പാന്റ്സോ ബർമൂഡയോ സമ്മാനിച്ചിരുന്നെങ്കിൽ!

ഉഷ്ണകാലത്തിടാനും മരത്തിൽ കേറാനും വെള്ളം കോരാനുമൊക്കെ പറ്റിയ സാധനം!

ഈശ്വരാ! അമ്മയുടെ വിശ്വരൂപം കണ്ടതന്നാണ്! അമ്മേച്ചി അമ്മയുടെ ഛായയാണെന്നാണ് അമ്മ ഞെളിഞ്ഞു പറയാറ്. ആ സമയത്ത് ഒന്നമ്മേച്ചിയെ കാട്ടിക്കൊടുക്കാമായിരുന്നു അമ്മയുടെ തൽസ്വരൂപം.

രാമായണത്തിലെ താടകയോ- ശൂർപ്പണഖയോ!

ഭാരതത്തിലെ ഹിഡുംബിയോ!

ഭാഗവതത്തിലെ പൂതനയോ!

രൂപം മനുഷ്യന്റേതാണന്നേയുള്ളൂ. ബാക്കിയെല്ലാം രാക്ഷസീയം!

ഫാദർ സിൽവാനിയോസ്!

വെറുമൊരു മിറർ വർക്കുള്ള ഗാഗ്രാചോളിയുടെ പേരിൽ അങ്ങയുടെ പ്രിയശിഷ്യ ഇതാ ഇവിടെ ക്രൂശിക്കപ്പെടുന്നു!

മന്ദാകിനിയുടെ മനസ്സു കണ്ടവരാരുണ്ട്?

ബാലേട്ടന്റെ കൂടെ വൈകുന്നേരം കടപ്പുറത്തു പോകുന്ന ദിവസങ്ങളിൽ ഒരു സമാധാനം.

ബാലേട്ടന്റടുത്ത് എന്തും പറയാം.

സ്വന്തമായിട്ട് അനിയത്തിയില്ലാത്തതുകൊണ്ടാവാം തന്നെ ഇത്ര കാര്യം.

“ഞാൻ സ്വന്തം തന്നെയല്ലേ. ചെറ്യേമ്മ പ്രസവിച്ചില്ലാന്നല്ലേയുള്ളൂ?”

ബാലേട്ടൻ സങ്കടപ്പെടുമ്പോൾ മന്ദാകിനി അങ്ങനെയാ സമാധാനിപ്പിക്കുക.

“മനു മിടുക്കിയാ വല്യമ്മേ. വേറുതെ വഴക്കു പറയണ്ട.”

“പഠിക്കുന്നതു പോരെന്നു പറഞ്ഞ് അമ്മ വടിയെടുക്കുന്നതുകണ്ട് ഓടിയെത്തിയതാണ് ബാലേട്ടൻ.

അന്നു രാത്രി എത്ര കരഞ്ഞെന്നോ!

അമ്മ എപ്പഴും അങ്ങനെയാ.

തൃപ്തിയെന്നു പറയുന്നത് അടുത്തുകൂടി പോയിട്ടില്ല.

അമ്മേച്ചി നാലുമണിക്കൂർ കുത്തിയിരുന്നു വായിക്കുന്നതു മുഴുവനും ഈ മന്ദാകിനി അരമണിക്കൂർകൊണ്ടു വായിച്ചെഴുതി കാട്ടിക്കൊടുക്കാമല്ലോ.

പക്ഷേ- ഇവർക്കതൊന്നും പോരാ.

ഇരുപത്തിനാലു മണിക്കൂറും പുസ്തകം തുറന്നുവച്ച് അതിനുമുന്നിൽ പടിഞ്ഞിരിക്കണം.

“മനു എവിടെ?”

“ശ്ശൊ- അവള് ഭയങ്കര പഠിത്തമാ. ശല്യപ്പെടുത്തേണ്ട”- ഇങ്ങനെയൊ

ന്നാരോടെങ്കിലും പറയൻ അമ്മയ്ക്ക് ഭയങ്കര കൊതിയാണെന്നു തോന്നുന്നു.

ആരേക്കൊണ്ടാവും പുസ്തകത്തിനുമുന്നിൽ സദാസമയവും ചടഞ്ഞു കുടിയിരിക്കാൻ!

അണ്ണാൻകുട്ടനു പാലുകൊടുക്കണ്ടേ.

കാച്ചിൽതൈ പടർന്നു കയറിയോന്നു നോക്കണ്ടേ.

വിളഞ്ഞു വിളഞ്ഞു വരുന്ന പേരയ്ക്കകൾ പറിച്ചെടുക്കണ്ടതില്ലേ.

ചെത്തിയിലും മന്ദാരത്തിലുംകൂടി വലകെട്ടുന്ന എട്ടുകാലിയുടെ പുരോഗതി അറിയണ്ടാന്നുണ്ടോ–

കൂട്ടത്തിൽ വഴക്കിട്ടാണെങ്കിലും കൊച്ചേട്ടന്റടുത്തൂന്ന് ലേശം സൈക്കിൾ ചവിട്ടാനും പഠിക്കണ്ടേ–

ഇതിനിടയ്ക്ക് സൗകര്യം കിട്ടുന്നതുപോലെ മന്ദാകിനി പഠിക്കും– പരീക്ഷ എഴുതും– മാർക്കും മേടിക്കും. ആരും മോശമാണെന്നിതുവരെ പറഞ്ഞിട്ടില്ലല്ലോ. പിന്നെ– അമൃത മേടിക്കണ മാർക്ക് മന്ദാകിനിക്കെങ്ങനെയാ കിട്ടുക?

അത് അമൃതയുടെ–

ഇത് മന്ദാകിനിയുടെ–

അതു മനസ്സിലാക്കാൻ കഴിയാത്തവരുടെ പ്രീതി മന്ദാകിനിക്കു വേണ്ടെങ്കിലോ?




സംഗതി ഇത്ര വഷളാവുമെന്നു വിചാരിച്ചില്ല. സത്യം പറഞ്ഞാൽ അതിൽ തെറ്റെന്തെന്നിനിയും പിടികിട്ടീട്ടില്ല. പക്ഷേ അമ്മയുടെയും ചേച്ചിയുടേയു മൊക്കെ ഭാവം കണ്ടാൽ മാപ്പർഹിക്കാത്ത എന്തോ കുരുത്തക്കേടാണ് മന്ദാ കിനി കാട്ടീരിക്കണതെന്നാണ്.

കാര്യമെന്താണെന്നോ?

സയൻസ് ക്ലബ്ബിന്റെ വാർഷികാഘോഷമാണ്. ഒരു വർഷത്തെ പ്രവർത്ത നങ്ങൾക്ക് സമാപനം കുറിക്കുന്ന ചടങ്ങ്.

ക്ലബ്ബിന്റെ പ്രസിഡന്റ് പരമേശ്വരൻ സാർ.

വൈസ് പ്രസിഡന്റ് മന്ദാകിനി.

സെക്രട്ടറി– രാജേഷ്.

കൊച്ചേട്ടന്റെ കൂട്ടുകാരനാണ്. കൂട്ടുകാരൻന്നു പറഞ്ഞാൽ ശരിക്ക് രാജേ ഷിന്റെ ചേട്ടൻ രാകേഷ് ആണ് കൊച്ചേട്ടന്റെ ക്ലാസ്സ്മേറ്റ്. എന്നാലും അവ രൊക്കെ ഒരു കമ്പനിയാണ്.

എല്ലാ ഒരുക്കങ്ങളും എത്രയോ നേരത്തെതന്നെ തീർത്തതാണ്! എന്നിട്ടും ഹെഡ്മാസ്റ്റർ വന്ന് ഉദ്ഘാടനം ചെയ്യുമ്പോൾ വിളക്കുകൊളുത്താൻ കൈവി ളക്കില്ലെന്ന കാര്യം അവസാന നിമിഷത്തിലാണ് കണ്ടുപിടിച്ചത്.

“രാജേഷ്– നമുക്കൊന്നു വീട്ടിപ്പോകാം. അമ്മൂമ്മേടെ പെട്ടീലുണ്ട് കൈവി ളക്ക്. വാ– ഓടിവാ.”

പിന്നൊന്നുമോർക്കാൻ നിന്നില്ല. രാജേഷ് പന്ത്രണ്ടാംക്ലാസ്സുകാരനാ ണെന്നോ– തനിക്കു വയസ്സ് പതിനഞ്ചായെന്നോ– നാട് ഓണംകേറാ മൂല യാണെന്നോ– നാട്ടാർക്ക് പത്തൊമ്പതാം നൂറ്റാണ്ടിലെ മനസ്സാണെന്നോ–

ഒന്നുമാലോചിക്കാൻ നിന്നില്ല.

ആലോചിക്കാൻ സമയമില്ലായിരുന്നു.

ഒന്നുമാത്രം– മന്ദാകിനി ഏറ്റെടുത്ത കാര്യം ഭംഗിയായി ചെയ്തിരിക്ക

ണം. അതിൽ പാളിച്ച വരാൻ പാടില്ല. രാജേഷ് സ്കൂട്ടറിറക്കി.

ഒരൊറ്റ വിടൽ–

വീട്ടിന്റെ ഗേറ്റിന്നകത്ത് വണ്ടി വന്നുനിന്നപ്പോൾ ഊണുമുറിയിൽ നിന്നു നീണ്ട തല അമ്മയുടേതായിരുന്നു. ശ്രദ്ധിച്ചില്ല. യുദ്ധം ജയിക്കാൻ നീങ്ങുന്ന കിംഗ് ആർതറുടെ ഭാവമായിരുന്നു മനസ്സിൽ.

ഓടി– അമ്മൂമ്മയുടെ അടുത്തേയ്ക്ക്

പാവം!

അലമാരിക്കകത്ത് അലക്കിയ മുണ്ടുകൾ അടുക്കി വയ്ക്കുകയായിരുന്നു. അമ്മൂമ്മ ഏറ്റവും അധികം ആസ്വദിച്ച് ഏറെ സമയമെടുത്തു ചെയ്യുന്ന ഒരു ജോലിയാണിത്. ആഴ്ചയിൽ ഒരുവട്ടമെങ്കിലും അമ്മൂമ്മ സ്വന്തം അലമാരി അടുക്കിയിരിക്കും.

അതിനകത്തിരിക്കുന്ന ഓരോന്നിനും കണക്കുണ്ട്.

മുണ്ടിത്ര– നേര്യതിത്ര– ചുട്ടിത്തോർത്ത് എണ്ണം

പിന്നെ ആരെങ്കിലും വെളിയിൽനിന്നും വരുമ്പോൾ അമ്മൂമ്മയ്ക്കു സമ്മാനിക്കുന്ന വാസനസോപ്പുകൾ.

ഇതെല്ലാം ബ്ലൗസുകളുടെ ഇടയിലാണു വയ്ക്കുന്നത്. എന്തായാലും ആ അലമാരി ഒന്നു തുറന്നാൽ നമ്മളറിയാതെ മൂക്കു വിടർന്നു പോകും.

ഹൗ! എന്തൊരു മണം! താഴമ്പൂവിന്റെയും വാസനസോപ്പുകളുടെയും ഒക്കെക്കൂടി ഒരു ലഹരി പിടിപ്പിക്കുന്ന സൗരഭ്യം!

“ദെന്താപ്പോ– യീനേരത്ത് മോള്? സ്കൂളില്ലേ?”

“ഉവ്വല്ലോമ്മൂമ്മേ– ആ കൈവിളക്കൊന്നെടുത്തു തരോ? ഞാൻ വൈകുന്നേരം വരുമ്പോ കൊണ്ടുവരാം... വേഗം വേണം.”

തന്റെ സ്വരത്തിലെ ധിറുതി അമ്മൂമ്മ മണത്തറിഞ്ഞൂന്നു തോന്നുന്നു.

എന്തെങ്കിലും ഒരു ചോദ്യം– ങേ ഹേ.

ദാറ്റ് ഐ അപ്രീഷ്യേറ്റ്– ദാറ്റിസ് മൈ അമ്മൂമ്മ!

എന്തിനാണെന്നുപോലും ചോദിച്ചില്ല. നിലത്തു കൈകുത്തിയിരുന്നു കാൽപെട്ടി തുറന്ന് മിനുമിനാ മിന്നുന്ന വിളക്കെടുത്തു തന്നു.

“സൂക്ഷിച്ചോണേ മക്കളേ–”

ശരിക്ക് കൈയ്യീന്ന് തട്ടിപ്പറിച്ചോണ്ടൊരോട്ടമായിരുന്നു.

“വാടോ– പോകാം.”

മുൻവശത്തേയ്ക്കു കടക്കുന്നതിനിടയിൽ ഭിത്തിയിലെ ഫോട്ടോകളും നോക്കിനിന്ന രാജേഷിനോടു വിളിച്ചു പറഞ്ഞു. കാണാൻ നിന്നാൽ ഒത്തിരി ഫോട്ടോകളുണ്ടവിടെ– നേരം വെളുക്കും.

വണ്ടി സ്റ്റാർട്ടു ചെയ്തു തിരിയുന്നതിനിടയിൽ പിന്നോട്ടു നോക്കിയപ്പോൾ കഷായം കുടിച്ച മുഖവുമായി നിൽക്കുന്നു അമ്മ. ജോലിക്കാരിയുടെ മുഖ

ത്തൊരു ചോദ്യചിഹ്നമാണ്.

അമ്മേച്ചിയുടേതോ?

ആവോ– ശ്രദ്ധിച്ചില്ല. വണ്ടിയങ്ങു പാഞ്ഞുപോയി.

ഗുരുവായൂരപ്പാ! സമയത്തിനുതന്നെ അങ്ങെത്തണേ– ല്ലെങ്കിൽ പരമേശ്വരൻ സാറിന്നു സൂപ്പാക്കിയതുതന്നെ.

"ഒന്നു വേഗം വിടടോ."

പിന്നിൽനിന്നു രാജേഷിനോടു പറഞ്ഞു. കൈയ്യിൽ നെഞ്ചോടു ചേർത്തു പിടിച്ചിരിക്കുന്ന കൈവിളക്ക്. മറ്റേ കൈ രാജേഷിന്റെ സീറ്റിന്റെ പിന്നിലെ ചെറിയ ഹാന്റിൽ പോലത്തെ വളയത്തിലാണ്.



അമ്പലക്കുളം കഴിഞ്ഞു തിരിഞ്ഞപ്പോൾ പതിവുപോലെ മാരാത്തെ കുട്ടികളെ കണ്ടു. കുളത്തിന്റെ മതിലോരം ചേർന്നു ചേട്ടനും അനിയത്തിയും കൂടി കളിക്കുന്നു.

പാവം കുട്ടികൾ!

മന്ദാകിനി കൂട്ടൊന്നുമില്ലാതെ തനിച്ചു സ്കൂളിൽ നിന്നുവരുന്ന ദിവസങ്ങളിലെ അവളുടെ ചങ്ങാതിമാരാണ്. മിക്കപ്പോഴും ഇൻസ്ട്രമെന്റു ബോക്സിൽ ചോക്കലേറ്റു കാണും; ആരുടെയെങ്കിലും ഹാപ്പിബർത്ത്ഡേയുടെ ഭാഗമായി കിട്ടിയത്.

എന്നും മന്ദാകിനിക്ക് മിഠായി നീട്ടമ്പോൾ നിർബന്ധമാണ്. എനിക്കു തരികയാണെങ്കിലും രണ്ടെണ്ണം വേണം. ല്ലെച്ചാൽ വേണ്ട.

രണ്ടെണ്ണം ഈ ചക്കിക്കും ചങ്കരനും കൊടുക്കാനാ. അവളുടെ പേരെന്താണെന്നു മന്ദാകിനി ഇന്നേവരെ ചോദിച്ചിട്ടില്ല. പക്ഷേ മന്ദാകിനിക്കവർ ചക്കിയും ചങ്കരനുമാണ്.

“ഞാനങ്ങനെയേ വിളിക്കൂട്ടോ.”

അതാണു കരാർ. അവളെക്കണ്ടാൽ രണ്ടാൾക്കും എന്തു സന്തോഷമാണെന്നോ! അതു കാണുമ്പോൾ മന്ദാകിനിയങ്ങു പൊങ്ങും.

“ന്നെക്കാണുമ്പോ വിരിയണ മൊഖങ്ങളും ഒണ്ടേ”–

“ദേ– മനുച്ചേച്ചിയെത്തി!”

ഓടിവന്നവളെ വട്ടംപിടിക്കുമ്പോൾ രണ്ടാളിന്റേം മുൻപിൽ ഒരു ‘ഹീറോ’ ആയ മട്ടാണ്. ചങ്കരന് ഷിഫ്റ്റ് ആയതുകൊണ്ട് ഉച്ചയ്ക്ക് ക്ലാസ്സു തീരും. പിന്നെ ബാക്കിദിവസം ഫ്രീ. ചക്കിക്കാണെങ്കിൽ സ്കൂളിൽ പോകാറായിട്ടില്ലെന്നാണവൾ സമർഥിക്കുന്നത്.

ഏതു പ്രായത്തിലുള്ളവരും മന്ദാകിനിക്കു പിടിച്ചാൽ കൂട്ടുകാരാണ്. അവരോട് ഒത്തിരി വർത്തമാനം പറയും. എന്തെല്ലാം വിശേഷങ്ങൾ!

ക്ലാസ്സിലെ – സ്കൂളിലെ – റോഡിലെ – വീട്ടിലെ – അങ്ങേയറ്റം നന്ദിനിപ്പശു പ്രസവിച്ച രാത്രിയിലെ വിശേഷംവരെ അവൾ പറഞ്ഞുകളയും.

കാണുമ്പോഴേ ചക്കീടെ നോട്ടം ഇൻസ്ട്രുമെന്റ് ബോക്സിലായിരിക്കും. അതിനകത്ത് ഇന്നെന്താണാവോ?

രണ്ടാളും അമ്മൂമ്മയുടെ കൂടെയാണു താമസം. മാരാത്തെ, വയസ്സായ അമ്മിണിടീച്ചർ–

കണ്ണും കാണില്ല.

നടുവും നീരില്ല.

ഈ കുഞ്ഞുങ്ങൾക്കു വേണ്ടിയാണ് വയസ്സുകാലത്ത് ഇങ്ങനെ ഇഴഞ്ഞെങ്കിലും ഓടണത്!

ഒരുനാൾ നേരം വെളുത്തപ്പോൾ ചക്കീടച്ഛനെ കണ്ടില്ലാത്രെ! ഒരെക്സ്

സർവീസുകാരനാണെന്നു മാത്രമേ മന്ദാകിനിക്കറിയൂ. കണ്ടിട്ടുണ്ട് പലകുറി.

ചെലനേരങ്ങളിൽ വീടിന്റെ വരാന്തയിൽ കാലിന്മേൽകാലും കേറ്റിയിരുന്ന് തുള്ളിച്ചോണ്ട് വർത്തമാനം പറയുന്ന ഉപ്പന്റെ കണ്ണുകളുള്ള ഒരു മനുഷ്യൻ. ഒറ്റനോട്ടത്തിലേ ഇഷ്ടം തോന്നില്ല, മനസ്സിൽ.

പാവം മീനുചേച്ചി!

പച്ചവെള്ളം ചവച്ചുകുടിക്കണ ആ സാധു ഈ മുരടന്റെ കൂടെ എങ്ങനെ കഴിയുന്നോ എന്തോ! അയാള് ശരിയല്ല. പലകുറി മനസ്സിൽ പറഞ്ഞിട്ടുണ്ട്. ഈ ചക്കിക്കും ചങ്കരനും ഒരു നല്ല അച്ഛനെ കൊടുക്കാമായിരുന്നു ഈശ്വരന്.

എന്താ ചെയ്യുക! ല്ലേ?

നമ്മള് വിചാരിക്കണ ആള് - നമുക്കിഷ്ടമുള്ളയാള് - നമ്മെ ഇഷ്ടപ്പെടണയാള് - നമ്മുടെ അച്ഛനായി വന്നാൽ മതിയായിരുന്നു!

അയാള് പുറപ്പെട്ടുപോയീന്നു കേട്ടപ്പോൾ സന്തോഷമാണു തോന്നിയത്. കുട്ടികള് രക്ഷപ്പെട്ടൂല്ലോ! ഒരുടുപ്പിനു തുണിപോലും ഇന്നേവരെ എടുത്തുകൊടുത്തിട്ടില്ലാത്ത അച്ഛൻ എന്തിനാ അച്ഛനെന്നും പറഞ്ഞിരിക്കണത്!

ചക്കിയും ചങ്കരനും പറയുന്നത് രണ്ടേ രണ്ടു കാര്യത്തിനേ അവരേ വിളിക്കുള്ളൂ അയാളെന്നാണ്.

“ടാാ” അതു വിളിയല്ല; അലർച്ചയാണ്.

അതു പറയുമ്പോൾ ചക്കീടെ മുഖത്തൊരു പകച്ച നോട്ടമാണ്.

“ടാാ– ആ കടേന്നൊരു പാക്കറ്റ് വിൽസിങ്ങു മേടിക്ക്.”

“ടീ– ആ മൊന്തേല് വെള്ളമിങ്ങെടുത്തോ.”

ഇതു രണ്ടും എന്തിന്റെ തുടക്കമാണെന്ന് രണ്ടുപേർക്കുമറിയാം. പന്നെ– ആ പ്രദേശത്തേയ്ക്ക് ആരും തിരിഞ്ഞു നോക്കില്ല.

അമ്മിണിയമ്മ ടീച്ചർ അടുക്കളയിൽ കാലും നീട്ടിയിരുന്ന് ആടിയാടി നാമം ജപിക്കും.

ആരോടും മിണ്ടാട്ടമില്ലാത്ത മീനുചേച്ചി വാതിലും ചാരി മാനത്തെങ്ങോ കണ്ണുംനട്ട് അങ്ങനെ നിൽക്കും...

വണ്ടി പെട്ടെന്നൊന്നുലഞ്ഞു. രാജേഷ് വെട്ടിത്തിരിച്ചതാണ്.

“എടാ– പതുക്കെ”– വെപ്രാളപ്പെട്ടു വിളിച്ചു പറഞ്ഞു.

“താനല്ലേ സ്പീഡില് വിടാൻ പറഞ്ഞെ.”

“രാജേഷ് പിന്നോക്കം നോക്കാതെ വിളിച്ചു പറഞ്ഞു.

“ങാഹാ – ന്നുവച്ച് ന്നെ മറിച്ചിടാൻ പറഞ്ഞോ?

ഞാൻ വീണാലും കൊഴപ്പമില്ല. ന്റെ വിളക്ക് താൻ തള്ളിയിട്ടൊടിക്കല്ലെ. അമ്മൂമ്മെ ഭദ്രമായി ഏൽപിക്കേണ്ടതാ.

ഒരുതരത്തിൽ ഉദ്ഘാടനത്തിനു മൂന്നു മിനിട്ടു മുൻപുതന്നെ ആഡിറ്റോറിയത്തിന്റെ വെളിയിൽ ബൈക്കിൽ വന്നിറങ്ങുമ്പോൾ എവറസ്റ്റു കീഴടക്കിയ ടെൻസിങ്ങിന്റെ മുഖഭാവമായിരുന്നു.

"ഹോ! എന്റീശ്വരാ!"

മന്ദാകിനി തോറ്റില്ല-



# 8

ഇതൊരു വല്ലാത്ത സമസ്യയാണേ!

ഒരെത്തും പിടിയും കിട്ടുന്നില്ല.

അത്താഴത്തിനു മീൻ വറുത്തതു വേണമെന്നു വാശിപിടിച്ചാൽ–

"നീയെന്താ ഇള്ളക്കുട്ടിയാണോ നിർബന്ധം പിടിക്കാൻ? വയസ്സു പതിനഞ്ചായീന്നോർമ്മവേണം." എനിക്ക് ഹാഫ് സ്കർട്ടോ ബർമ്മൂഡയോ മതീന്നു തറപ്പിച്ചു പറഞ്ഞാൽ ഉടനെ കേൾക്കാം–

"കൊച്ചുകുട്ടിയാണെന്നാ വിചാരം! വയസ്സു പതിനഞ്ചായി.

എന്നാൽ അമ്മേം അമ്മൂമ്മേം അമ്മേച്ചീംകൂടി വർത്തമാനം പറയുമ്പോൾ ഒന്നു വലുതാകാംന്നു വിചാരിച്ച് ഇടയിൽ കേറിയിരുന്നാലോ–

"വലിയവര് വർത്തമാനം പറയണേടത്ത് ഈ കുട്ട്യോളെന്തിനാ വന്നിരിക്കണത്? അപ്രത്തെങ്ങാനും പോയിക്കളിച്ചൂടേ?"

കൊച്ചേട്ടനും അമ്മേച്ചീം കൂടി "സൈക്കോ" കാണാനിറങ്ങിയതായിരുന്നു എത്ര മോഹിച്ചതാ അതൊന്നു കാണാൻ–

"വേണ്ട– വേണ്ട അത് മുതിർന്നോർക്കുള്ള സിനിമയോ. അതു കാണാനൊന്നുമിപ്പോ പോകണ്ട."

ക്ലാസ്സിലെ കുട്ടികളിൽ പാതിയും അതു കണ്ടതാ. അപ്പോളവരുടെ വീടുകളിലൊന്നും ഈ വേർതിരിവില്ലേ?

ഇഷ്ടംപോലെ തോന്നുമ്പോൾ വലിച്ചുനീട്ടി വലുതാക്കാനും തോന്നുമ്പോൾ വെട്ടിക്കുറയ്ക്കാനും പറ്റുന്നതാണോ പ്രായം?

"എനിക്കിപ്പൊ അറിയണം. ഞാൻ വലുതാണോ ചെറുതാണോന്ന്. അമ്മേടെ സൗകര്യംപോലെ എന്നെ കൊച്ചാക്കാനും വലുതാക്കാനും പറ്റില്ല."

മന്ദാകിനിയുടെ ശബ്ദം ഇടനാഴിയിൽനിന്നുയർന്നതു കേട്ടുകൊണ്ടാണ് ബാലു നടക്കല്ലു കയറിയത്.

മന്ദാകിനിയുടെ മൂഡ് തെറ്റിയിരിക്കുന്നു. ഇടയ്ക്കിടയ്ക്കുള്ളതാണീയിട ങ്ങേറ്. അന്തരീക്ഷം മോശമാണോ? ആ മനസ്സു മുഴുവനും സ്നേഹംകൊണ്ടു നിറയും. വാരിക്കോരി പകർന്നു കൊടുക്കും. അപ്പോഴവളുടെ മുഖത്ത് എന്തു പ്രസാദമാണെന്നോ!

നിലവിളക്കു കത്തിച്ചുവച്ചപോലെ

ദേഷ്യം വന്നാലോ–

എല്ലാരോടും എന്തെന്നില്ലാത്ത പകയാണ്; തീർത്താൽ തീരാത്ത പക.

കൈചുരുട്ടി ഭിത്തിയിൽ ആഞ്ഞാഞ്ഞിടിക്കുന്നതു കണ്ടുകൊണ്ടാണൊ രിക്കൽ കയറിച്ചെന്നത്.

ആരുടെയും മുൻപിൽ വച്ചല്ല. തനിച്ച്. തെക്കേയറ്റത്തെ മുറിയുടെ വരാ ന്തയിലിരുന്ന് കടുത്ത മുഖത്തോടെ, തീ പാറുന്ന കണ്ണുകളോടെ ഭിത്തി യിൽ കൈചുരുട്ടി ഇടിക്കുന്നു.

"ഇതാ ചക്കീടച്ഛന്"– ഒരിടി.

"ഇതാ ഗണേശന്"– ഒരിടി.

"ഇതാ ചാന്തുമൂപ്പന്"– മൂന്നാമതിടിക്കാനോങ്ങിയപ്പോഴാണ് ബാലുവിനെ കണ്ടത്. കണ്ടിട്ടും മുഖത്തെ ഭാവം മാറിയില്ല. കുഞ്ഞിനെ റാഞ്ചാൻ വരുന്ന പരുന്തിന്റെ നേരെ തിരിയുന്ന തള്ളക്കോഴിയെപ്പോലെ–

"ആരോടാ ഇത്രദേഷ്യം? എന്തിനാ മോളെ ഇടിച്ചു നിന്റെ കൈ കളയ ണത്?

വലിഞ്ഞുമുറുകി നിന്നിരുന്ന പേശികളൊക്കെ ഒന്നയഞ്ഞു. ബാലേട്ടന്റെ സ്വരത്തിന് അങ്ങനെയൊരു പ്രത്യേകതയുണ്ട്. എന്താ കാര്യം എന്നു ചോദി ക്കാനുള്ള സന്മനസ്സും.

എന്നിട്ടും ചിരി വന്നില്ല.

"മനുക്കുട്ടീ"– ബാലേട്ടന്റെ വിളിയിൽ മന്ദാകിനി അലിയും. അതുറപ്പാ ണ്. അവളെ ശാന്തയാക്കാനുള്ള ഏകവഴി അതാണ്.

"മനുക്കുട്ടീ–"

"അതെ– ബാലേട്ടാ – ചക്കീടേം ചങ്കരന്റേം കൈയ്യില് വിഷ്‌ക്കൈനീട്ടം കിട്ടിയതൊക്കെകൂടി നാല്പത്തിനാലര രൂപയുണ്ടായിരുന്നെ. പാവങ്ങള്! അവ രതു സൂക്ഷിച്ചുവച്ച് കൊറച്ചുകൂടിയായാല് ഓരോ കഥാപുസ്തകം വാങ്ങ ണംന്നു പറഞ്ഞിരിക്കുകയായിരുന്നു.

അയ്യാളത് കട്ടെടുത്തു കുടിച്ചിരിക്കുന്നു!

ഇയാളൊരച്ഛനാ?

"താനൊട്ടു കൊടുക്കുകേമില്ല. ബാക്കീയുള്ളോരു കൊടുക്കണത് തട്ടി യെടുക്കുകേം ചെയ്യും. എനിക്കയാളെ ഇടിക്കാണ്ടു പറ്റില്ല. വേണ്ച്ചാൽ ഇനീം കൊടുക്കും ഞാനൊരിടി – കാണണോ?"

അവൾ വീണ്ടും കൈചുരുട്ടി.

"വേണ്ട- മനുക്കുട്ടീ - വേണ്ട."ബാലേട്ടൻ ഇടയിൽ കേറി വിലക്കി.

"നമുക്കയാളെ പോലീസിനെക്കൊണ്ട് ഇടിപ്പിക്കാം. അതല്ലേ നല്ലത്. പക്ഷേ- എനിക്കൊരു സംശയം. ഈ പിള്ളേർക്കെങ്ങനെയാ നാൽപത്തി നാലര രൂപ കിട്ടിയത്?"

"അയ്യേ- ഈ ബാലേട്ടനൊരു ചുക്കുമറിയില്ല. വിഷൂന്റന്നു വൈകുന്നേരം അവരിവിടെ വന്നപ്പോൾ അമ്മൂമ്മ അവർക്കു രണ്ടാൾക്കും അയ്യഞ്ചു രൂപ കൊടുത്തില്ലേ? പത്തുരൂപ വച്ചു അമ്മിണ്യേമ്മ ടീച്ചറുതന്നെ അവർക്കു കൊടുത്തു. അപ്പൊ എത്രയായി? പത്തും പത്തും ഇരുപതും പത്തും മുപ്പ ത്- ല്ലേ? പിന്നെ- പിന്നെ പതിനാലര രൂപ. അത് ഞാൻ ലോൺ കൊടുത്ത താ. എനിക്കു കിട്ടിയ കൈനീട്ടത്തീന്ന്... തിരിയെത്തരും... ഞാൻ മേടിക്കും."

"ഈ അരരൂപേടെ കണക്കെങ്ങനെയാ?"

ബാലുവിന് ഉള്ളിൽ കുറേശേ ചിരി വരുന്നുണ്ടായിരുന്നു. ഈ മനുവിന് ഉള്ളുതുറക്കാൻ ഒരു പ്രയാസവുമില്ല. ആരെങ്കിലും ക്ഷമയോടെ ഒരു ചെവി കൊടുത്താൽ മതി. പിന്നെ അകത്തുള്ളതെല്ലാം വെളിയിലേയ്ക്കു പോന്നോ



ളും. നിർത്താനാവാത്ത പ്രവാഹം പോലെ. അതു പറഞ്ഞു തീരുമ്പോഴത്തെ ഒരാശ്വാസം, ആ മുഖത്തു നോക്കിയാൽ കാണാം. പിള്ളേർക്കു പറയാനുള്ളതു കേൾക്കാനാളില്ലാച്ചാൽ ബഹുബുദ്ധിമുട്ടാണേ.

"അത്... അതേ ബാലേട്ടാ – അമ്മേച്ചി ഒരിക്കൽ ഹെയർബാന്റ് വാങ്ങാൻ തന്നതാ. പത്തുരൂപ തന്നതിൽ രണ്ടരരൂപ ബാക്കിയുണ്ടായിരുന്നു. അതിലൊരു രൂപ ആ ചാടേലിരുത്തി വലിച്ചോണ്ടു പോണ കുഷ്ഠരോഗിയില്ലേ. അയാളുടെ പാത്രത്തിലിട്ടു കൊടുത്തു ഞാൻ. ശേഷിച്ച ഒന്നര രൂപയിലൊരു രൂപ പരീക്ഷേടന്ന് രാവിലെ പോണവഴിയ്ക്ക് ഗണപതി കോവിലിന്നു മുൻപിലെ നേർച്ചപ്പെട്ടീലിട്ടു. അമ്പതുപൈസ ചക്കീ ചങ്കരൻ ഫണ്ടിലേയ്ക്കുമായിക്കോട്ടേന്നു കരുതി. തന്നതില് ബാക്കി ചോദിച്ചില്ലെങ്കിൽ മന്ദാകിനി ഇങ്ങനെയൊക്കെയിട്ടൂന്നിരിക്കം."

മന്ദാകിനി ചിരിച്ചു. മനസ്സു തുറന്ന ഒരു ചിരിയായിരുന്നു അത്. അൽപനേരം മുൻപ് ഭദ്രകാളിയെപ്പോലെ ഉറഞ്ഞു തുള്ളുകയായിരുന്നില്ലേയിവൾ.

"ങാ– ഇപ്പോ ഏതായാലും തണുത്തില്ലേ – ബാ – ഇനി നമുക്ക് അപ്രത്തു പോകാം." ബാലൻ അവളുടെ കൈ പിടിച്ചു.

പെട്ടെന്നു ഭാവം മാറി. അവൾ കൈ കുതറി. തന്റേതല്ലാത്തതിൽ കൈയ്യിട്ടു വാരിയതിലെ അമർഷം വീണ്ടും ആ മുഖത്തിരച്ചു കയറി. ബാലനും അടവൊന്നു മാറ്റിച്ചവിട്ടി.

"അപ്പോ ചക്കീടച്ഛനെയിടിച്ചതിൽ തെറ്റൊന്നുമില്ല കേട്ടോ മനുക്കുട്ടീ."

അടുത്ത ഇര ഗണേശനാണല്ലോ. അതിനെന്താ കാര്യം?

ഗണേശൻ സ്കൂളിലെ 'വാട്ടർമാനാ'ണ്. എന്നുവച്ചാൽ ആരാണെന്നോ? അറ്റൻഡർ തന്നെ. പക്ഷേ ഈ പ്രത്യേക പേരിലേ അറിയൂ. പരീക്ഷാഹാളിൽ കുട്ടികൾക്കു പരീക്ഷയ്ക്കിടയ്ക്കു വെള്ളം കുടിക്കണമെന്നു തോന്നിയാലോ? ഓരോ അരമണിക്കൂർ കഴിയുമ്പോഴും വലിയ കെറ്റിലും ത്രോ എവേ കപ്പുകളുമായി ഗണേശൻ ഹാളുകളിൽ റോന്തുചുറ്റും; "വെള്ളം– വെള്ളം" എന്നു മന്ത്രിച്ചുകൊണ്ട്.

കണക്കിന്റെ ദിവസം ചോദ്യപേപ്പർ കൊടുത്തുകഴിഞ്ഞ് അഞ്ചുമിനിട്ടു കഴിയുമ്പോഴേ ഹാളുകളിൽ ഗണേശനെ കാണാം. ചോദ്യപേപ്പറും നോക്കി കുടുകുടാ വിയർത്തിരിക്കുന്ന ആരെങ്കിലുമൊക്കെയുണ്ടാവും. അവർക്കു ഗണേശനല്ലാതെ പിന്നാരാ ആശ്രയം!

കണക്കിന്റന്ന് മന്ദാകിനിക്കും കുറച്ചു വെള്ളം കുടിച്ചേ പറ്റൂ. അവൾ കുറച്ചു വെള്ളമെങ്കിലും കുടിക്കുന്നതപ്പോഴാണ്.

പേടിയൊന്നുമില്ല.

ആരേപ്പേടിക്കാൻ? എന്തിനെപ്പേടിക്കാൻ?

എന്നാലും– കണക്കെന്നു കേൾക്കുമ്പോൾ ഒരസ്കൃത. ഇതെനിക്കു പറ്റി

യതല്ലെന്നൊരു തോന്നൽ.

പണ്ടെങ്ങും ഈ തോന്നലുണ്ടായിരുന്നില്ല കേട്ടോ. താഴെ ക്ലാസ്സുകളി ലൊക്കെ എല്ലാ വിഷയവും തനിക്കൊരുപോലെ ഇഷ്ടമായിരുന്നല്ലോ. പിന്നെ ങ്ങനെയാ കണക്കൊരു വില്ലനായി മാറിയത്?

ഓ വില്ലനല്ല; വില്ലത്തിയാണ്.

'മാത്തമാറ്റിക്സ് ഈസ് ദ ക്വീൻ ഓഫ് സയൻസസ്' എന്നു പണ്ടാരോ പറഞ്ഞു കേട്ടിട്ടുണ്ടെന്ന് ബാലേട്ടൻ കണക്കു പറഞ്ഞുതന്നപ്പോൾ പറയുക യുണ്ടായി.

പാവം! ഈ മനുക്കുട്ടിയെ കണക്കു പഠിപ്പിക്കാൻ മൂപ്പരൊരുപാടു പാടു പെട്ടിട്ടുണ്ടേ.

എനിക്കു തോന്നുന്നു ഈ കുഴപ്പങ്ങൾക്കു കാരണം അമ്മയാണെന്ന്. (മിക്കവാറും എല്ലാ കുഴപ്പങ്ങൾക്കും കാരണം അമ്മമാരാണോന്നൊരു സംശയം)

പരീക്ഷയടുക്കുമ്പോൾ കാണണം അമ്മയുടെ ഒരു വെപ്രാളം!

ശ്ശോ! നാളെയെന്താ- കണക്കാണോ?

ശ്ശോ! നാളെയെന്താ- കണക്കല്ലേ!

ശ്ശോ! കണക്കായിട്ട് ഇങ്ങനെയിരുന്നാൽ മതിയോ?

പിന്നെന്താ- ഞാൻ തലകുത്തി നിന്നു പഠിക്കണോ? ചോദിക്കാൻ പല വട്ടം ഓങ്ങീതാ. വേണ്ട. പിന്നിനിയതുമതി. മന്ദാകിനി തർക്കുത്തരം പറ ഞ്ഞു. മന്ദാകിനി അധികപ്രസംഗം കാട്ടി.

ഒരു നൂറുകൂട്ടം പരാതിയുമായി ഹൈക്കമാൻഡിനടുത്തു പോകും.

മിണ്ടാതിരുന്നാൽ പ്രശ്നമില്ലല്ലോ.

അങ്ങനെ കണക്കു പേപ്പറുകാർക്കു താങ്ങും തണലുമാകേണ്ട ഗണേശ നാണിന്നലെ ബെല്ലടിക്കാനഞ്ചുമിനിട്ടേയുള്ളൂവെന്നും പറഞ്ഞ് ശ്രീകല വെള്ളം ചോദിച്ചപ്പോൾ കൊടുക്കാതിരുന്നത്!

ഇന്നസമയത്തെ ദാഹിക്കാൻ പാടൂന്നുണ്ടോ!

ക്രൂരൻ!

ഇനി പുറത്തിറങ്ങീട്ടു കുടിച്ചാൽ മതീന്ന് എന്തു ലാഘവത്തോടെയാണു പറഞ്ഞത്! അടുത്തിരുന്ന മന്ദാകിനിക്കും സങ്കടം വന്നു. (ദാഹമില്ലാഞ്ഞിട്ടു പോലും!) വാണിംഗ് ബെൽ അടിച്ച് ഒരു മിനിട്ടു കഴിഞ്ഞില്ല. ദേ കിടക്കുന്നു ശ്രീകല- പൊത്തോന്നു താഴെ.

വീണവാക്കിന് ഡസ്കിന്റെ മൂലയിൽ നെറ്റിയിടിച്ച് മുറിഞ്ഞ്- ചോരയുടെ പ്രളയം!

ഈശ്വരാ! ശരിക്കും പേടിച്ചുപോയീട്ടോ. മനസ്സിൽ ദേഷ്യം പതഞ്ഞുക യറി.

“ദാഹിക്കുന്ന കുട്ടിക്ക് വെള്ളം കൊടുത്തില്ലെങ്കിൽ പിന്നെന്ത് വാട്ടർമാൻ!”

അതുകൊണ്ട് ബാലേട്ടൻ തടയാനൊന്നും വരണ്ട. ഈ ഇടിഇടിച്ചില്ലെങ്കിൽ മന്ദാകിനി മന്ദാകിനയല്ലാതായിപ്പോകും. പിന്നെയെനിക്കു സമാധാനമായിട്ടൊന്നുറങ്ങാൻപോലും പറ്റില്ല.

നോക്കിനിൽക്കെ മന്ദാകിനി കൈചുരുട്ടി ആഞ്ഞൊരിടി കൊടുത്തു ചുവരിൽ.

ബാലൻ മിണ്ടിയില്ല. തടയാതിരിക്കുകയാ നല്ലത്. ചെയ്തോട്ടെ. ചെയ്യുമ്പോഴിത്തിരി സമയബോധവും പരിസരബോധവും വേണമെന്നേയുള്ളൂ. വേദനയെടുക്കുമ്പോൾ താനെ നിർത്തിക്കോളും.




മൂന്നാമൻ മുല്ലപ്പൂവെന്നാണല്ലോ പറയാറ്.

അതറിയില്ലേ- അങ്ങനെയൊരു കളിയുണ്ട്.

ഒന്നാമൻ ഓണപ്പൂ

രണ്ടാമൻ രാജാവ്

മൂന്നാമൻ മുല്ലപ്പൂ- (ദേഷ്യം പിടിപ്പിക്കാൻ വേറൊരു വാക്കുണ്ട്- പക്ഷേ ഞാനതു പറയില്ല)

നാലാമൻ നാരങ്ങ

അഞ്ചാമൻ പഞ്ചവർണക്കിളി

ആറാമൻ താറാവ്

ഏഴാമൻ എഴുത്താണി

എട്ടാമൻ കൊട്ടുവടി

ഒൻപതാമൻ പൊൻപണം

പത്താമൻ പത്തായം

“ഇവിടിപ്പോ മൂന്നാമനാരാ മനുക്കുട്ടീ?”

“അതോ? അത് ചാന്തു മൂപ്പൻ!”

ആട്ടോറിക്ഷയിൽ കുട്ടികളെ അടുക്കി സ്കൂളിലേയ്ക്കു ‘മടക്കി’ വീട്ടിലേയ്ക്കും കൊണ്ടുപോകുന്നതിൽ ചാന്തമൂപ്പനെക്കഴിഞ്ഞേയുള്ളൂ മറ്റാരും.

കാക്കിഷർട്ടും പാന്റും.

ഷർട്ടിന്റെ കൈ ചുരുട്ടി മടക്കി കൈയ്യിന്റെ മസിലിന്റെ മോളിൽ കേറ്റും. (തമിഴ് സിനിമയിലെ പ്രഭുവിന്റെ സ്റ്റൈലിൽ!) എന്നാലല്ലേ മസിലിന്റെ പുറത്തു കെട്ടയിരിക്കുന്ന കറുപ്പു ചരടും ഏലസ്സും എല്ലാരും കാണൂ. ഏറിയാൽ നാലുപേരു കേറണ വണ്ടിയിൽ മൂപ്പന്റെ കണക്കിനു പന്ത്രണ്ടാൾ കാണും. പിന്നെ അവരുടെ ബാഗും ടിഫിനും എല്ലാംകൂടി വണ്ടിക്കകത്ത് ഒരു പൂരത്തിന്റെ ബഹളമാണ്.

വണ്ടിക്കകത്ത് സിറ്റിംഗും സ്റ്റാൻഡിംഗും ഒക്കെയുണ്ടു കേട്ടോ. ചേച്ചിമാരുടെ മടിയിൽ കൊച്ചാളുകൾ. കൂടാതെ ഡ്രൈവറുടെ അടുത്തും കാണും ഒന്നുരണ്ടുപേർ.

ഇയാളെ പോലീസു പിടിക്കാത്തതെന്താണെന്നു പലകുറി അതിശയിച്ചു പോയിട്ടുണ്ട്. എന്തൊരു സ്പീഡാണ്! എന്തു ധൈര്യത്തിലാണോയെന്തോ പിള്ളേരെ വീട്ടിലുള്ളവർ ഇതിൽ കേറ്റിവിടുന്നത്! എരികേറ്റാൻ ഉള്ളിലെ വനരത്താന്മാരും. "മൂപ്പാ– ആഞ്ഞുവിട് മൂപ്പാ– നമുക്കാ മിനിമോളെ തോൽപിക്കണം. വിട്ടോ– വിട്ടോ ആഞ്ഞു വിട്ടോ." മിനിമോൾ ഫ്രാൻസിസ് ഓടിക്കുന്ന വണ്ടിയാണ്. വണ്ടി പുതിയതും ഓടിക്കുന്നയാൾ ചെറുപ്പക്കാരനും!



അപ്പോൾ മത്സരം കഴിഞ്ഞു!

തൊട്ടുപിന്നിൽ നടന്നുവരുന്ന സംഘത്തിലായിരുന്നു മന്ദാകിനി, സ്നേഹലതയും ദാക്ഷിയും ജോയിസ്സുമടങ്ങിയ കൊച്ചുകൂട്ടം. സിനിമയുടെ കഥയും പറഞ്ഞു നടക്കുകയായിരുന്നു. വിളിയും ബഹളവും കേട്ടാണു ശ്രദ്ധിച്ചത്. ഓടിച്ചെന്നപ്പോഴേയ്ക്കും വണ്ടി രണ്ടുകരണം മറിഞ്ഞു കഴിഞ്ഞിരുന്നു.

രണ്ടാംക്ലാസ്സിലെ കിഷോറിന്റെ യൂണിഫോം കീറി. കൈമുട്ടിലെ തൊലി ഉരഞ്ഞു ചോര വന്നിരുന്നു. കൊച്ചുബാബുവിനു ചോറ്റുപാത്രം തെറിച്ചുപോയതാണ് സങ്കടമായത്. നേഴ്സറിയിലെ ശ്രീക്കുട്ടന്റെ കണ്ണിനും പുരികത്തിനുമിടയിൽ തടിച്ചു വീങ്ങി കരിനീലനിറമായി. രഞ്ജിനിയുടെ മടിയിരുന്ന ശീതളും രഞ്ജിനിയും വീണതൊന്നിച്ചു തന്നെ.

കൂട്ടത്തിലേറ്റവും കഷ്ടമായതും അവരുടെ കാര്യമാണ്. രഞ്ജിനിയുടെ കണങ്കാൽ നീരുവന്നു വീർത്തു! ഒടിവുണ്ടെന്നതു തീർച്ച. ശീതുക്കുട്ടി വീണതു രഞ്ജിനിയുടെ കൈയ്ക്കുള്ളിലേക്കു തന്നെയായിരുന്നു. കൈയ്യിലടുക്കിയ കുപ്പിവളകളുടഞ്ഞ് അതിലൊരു കഷ്ണമാണ് പാവത്തിന്റെ കവിളിൽ തുളച്ചുകയറിയത്.

എന്തു ചോരയാ പോയത്!

മുറിഞ്ഞ വേദനയേക്കാളേറെ ചോരകണ്ട പേടിയായിരുന്നു. അലറിവിളിച്ചു കരഞ്ഞു ശീതുവാവ.

കടയിലെ കൃഷ്ണൻനായരും അംബ്രലാമാർട്ടിലെ ഷാജിയുമൊക്കെ ചേർന്നാണ് കാറിൽ കുട്ടികളെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോയത്.

ശീതളിന്റേച്ഛൻ സി. ഐ യാ

സർക്കിൾ ഇൻസ്പെക്ടർ!

ചാന്തുമൂപ്പനെ തൂക്കിയതുതന്നെ–

അടിയടിപൂരം– പൊടിയരിക്കഞ്ഞി.

പക്ഷേ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഇടിക്കുന്നതിനു മുൻപ് ഒരിടി കൊടുത്തില്ലെങ്കിൽ മന്ദാകിനിക്കു സമാധാനമുണ്ടാവില്ല.

അതുകൊണ്ടിതു ചാന്തുമൂപ്പന്.

ബാലേട്ടനെ സാക്ഷിനിർത്തി മന്ദാകിനി വീണ്ടും കൈചുരുട്ടി.




“അമ്മൂമ്മേ... അമ്മൂമ്മേ...”

ആ വിളി കേട്ടാലറിയാം മനുക്കിട്ടിക്കെന്തോ കാര്യം സാധിക്കാനുണ്ടെന്ന്. ഇല്ലെങ്കിൽ സാധാരണ ഇത്ര മധുരമാകാറില്ല ആ ശബ്ദം.

“അമ്മൂമ്മേ...”

“എന്താ മോളെ?”

“അമ്മൂമ്മേടെ മുടി ഞാൻ രണ്ടായി പിന്നിയിടട്ടെ?”

പടിഞ്ഞാറെ വരാന്തയുടെ നടക്കല്ലിലിരുന്ന് അമ്മൂമ്മയുടെ നീണ്ട മുടിയിൽകൂടി വിരലോടിക്കുകയായിരുന്നു മന്ദാകിനി.

അമ്മൂമ്മയ്ക്കീ പ്രായത്തിലും സാമാന്യം നല്ല നീളവും കട്ടിയുമുണ്ട് മുടിക്ക്. മുക്കാലും വെള്ളി കെട്ടിയിട്ടുണ്ടെന്നേയുള്ളൂ.

“ചുമ്മായിരിക്കു കുട്ടീ; ന്നെ കോനാരുവേഷം കെട്ടിക്കാതെ. ന്നാലും മോളു തലേൽ തൊടുമ്പോ ഒരു സുഖമാ–”

“യ്യോ! സുഖമാണോ? എന്റീശ്വരാ! ഈയമ്മേച്ചി ന്റെ തലേല് ചീപ്പു തൊടീക്കുമ്പോഴേ എനിക്കീറ വരും. പേൻനോക്കാൻ പിടിച്ചിരുത്തിയാല് കലിം വരും. അതുകൊണ്ടുതന്നെയാ ഞാൻ മുടി തോളറ്റം മുറിച്ചിട്ടത്. ചീപ്പു തലേലേയ്ക്കു വരുമ്പോഴേക്കും ഠപ്പേന്നു താഴോട്ടു പോന്നോളുമല്ലോ! ഹഹഹാ...

മന്ദാകിനി പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ ശബ്ദത്തിൽ അമ്മൂമ്മയുടെ മുഖം വിടർന്നു. കാരണം, ഈ പൊട്ടിച്ചിരി വല്ലപ്പോഴുമേ കേൾക്കാറുള്ളൂവെന്നതു തന്നെ.

എന്നാലും ഇത്ര ഉറക്കെവേണോ ഈ ചിരി?

“മോളെ– ഇനി ചിരിക്കുമ്പോ ഇത്ര ഒച്ചത്തില് വേണ്ടട്ടോ–”

മന്ദാകിനിക്കു നന്നെ പിടിച്ചു അമ്മൂമ്മയുടെ ആ വർത്തമാന രീതി. അമ്മൂമ്മ എപ്പോഴുമങ്ങനെയാ. ചെയ്തതിനെ നന്നെന്നു പറഞ്ഞിട്ട് അതിന്റെ പോരായ്ക പറയുക. അപ്പോൾ ദേഷ്യം വരില്ല; പിണക്കോം തോന്നൂല്ല.

“മോളരച്ച ചമ്മന്തി അസ്സലായിട്ടുണ്ട്. അടുത്ത കുറി തേങ്ങ ലേശംകൂടി അരഞ്ഞോട്ടേന്നു വയ്ക്കണം.

ചമ്മന്തിക്കു തേങ്ങ അരഞ്ഞതു പോര.

“മോളേ, വിളക്കു കൊളുത്തിക്കഴിഞ്ഞിട്ട് ആ തീപ്പെട്ടി അമ്മൂമ്മയ്ക്കെത്തണ വിധത്തില് ഷെൽഫിൽ വയ്ക്കണട്ടോ. അമ്മൂമ്മയ്ക്ക് പൊക്കം കുറവല്ലേ.”

ഇതിൽ രണ്ടുണ്ട് കാര്യം. ഒന്ന്, തീപ്പെട്ടി എടുത്താൽ തിരിയെ ഷെൽഫിൽ തന്നെ വയ്ക്കണം. അങ്ങുമിങ്ങുമിടരുത്.

രണ്ട്, അമ്മൂമ്മയ്ക്കെത്തണ തട്ടിത്തന്നെ വയ്ക്കണം.

“മനുക്കുട്ടീ– മേശപ്പുറത്ത് ടെക്സ്റ്റു ബുക്കു വേറേം നോട്ടുബുക്കു വേറേം അടുക്കി വയ്ക്കണതാ കാണാൻ ഭംഗി– ല്ലേ?”

അന്നു മന്ദാകിനി ശരിക്കും നാണിച്ചുപോയി. അതുകൊണ്ടമ്മൂമ്മ സാധിച്ചതെന്താണെന്നോ– ചറപറ കിടന്നിരുന്ന മേശ മന്ദാകിനി നന്നായൊന്നൊരുക്കി. ബുക്കുകളടുക്കി.

നോട്ടുബുക്കു വേറെ– ടെക്സ്റ്റുബുക്കു വേറേ.

ഇന്നമ്മൂമ്മയുടെ മുടി രണ്ടായിട്ടല്ല മൂന്നായിട്ടുതന്നെ മെടയാൻ മൂഡുണ്ട് മന്ദാകിനിക്ക്. മുടിക്കുള്ളിലൂടെ വിരലുകൾ കടത്തി ഉടക്കുകൾ നിവർത്തുന്നതിനിടയിൽ ഒരു തുളസിക്കതിർ മുടിയിൽ നിന്നൂർന്നു വീണു. രാവിലെ കുളികഴിഞ്ഞ് ഒരു ചരുവം വെള്ളമെടുത്ത് അമ്മൂമ്മ തുളസിത്തറയിലൊഴിക്കും. മൂന്നുവട്ടം പ്രദക്ഷിണം വയ്ക്കും. പോരാൻനേരം ഒരു കതിരെടുത്ത് മുടിയിൽ ചൂടുകയും ചെയ്യും.

മന്ദാകിനി ചൂടാനൊന്നും നിൽക്കില്ല. ഇളം തുളസി നാമ്പ് ഒരു തലപ്പു പറിച്ച് തിന്നുനോക്കിയിട്ടുണ്ടോ? നല്ല രസമാ. ഒരു മണവും എരിവുമൊക്കെയുണ്ട്. വായ്ക്കകമൊക്കെ നല്ല ശുദ്ധമായതുപോലെ തോന്നും.

“അമ്മൂമ്മേ– ഞാൻ ചെയ്തതിലെന്താത്ര തെറ്റ്?” മന്ദാകിനിയുടെ മനസ്സിലെ പരിഭവം പിന്നെയും തികട്ടി വെളിയിൽ ചാടി.

എന്തു ചെയ്തതിലാ മോളേ?

“അല്ലാ– ഞാനേ– രാജേഷിന്റെ സ്കൂട്ടറിൽ കേറി ഇവിടെവന്നു കൈവിളക്കെടുത്തോണ്ടു പോയില്ലേ. അതിന് അമ്മേം അമ്മേച്ചീം കൂടി എന്തു ഭൂകമ്പമാ ഇവിടുണ്ടാക്കീത്! അച്ഛന്റടുത്ത് പറഞ്ഞുകൊടുത്തെന്നെ തല്ലുകൊള്ളിക്കേം ചെയ്തു. ആവശ്യത്തിനെടുത്തോടിക്കാനല്ലേ സ്കൂട്ടർ? എനിക്കൊരത്യാവശ്യം വന്നതുകൊണ്ടല്ലേ ഞാനതിൽ കേറിവന്നത്. ആവശ്യം ഞങ്ങൾക്കു രണ്ടാൾക്കും ഒരുപോലതന്നെയായിരുന്നല്ലോ! എന്നിട്ട് രാജേഷിനെ വീട്ടിലാരും തല്ലീല്ലാ– പക്ഷേ– അടികൊണ്ടെങ്കിലും എനിക്കു തോന്നുന്നു ചെലപ്പോ– ഇനീയെന്തെങ്കിലും അത്യാവശ്യം വന്നാൽ ഞാന

തിൽ കേറിപ്പോയേക്കുമെന്ന്...”

“അമ്മൂമ്മ എന്താ ഒന്നും മിണ്ടാത്തത്?”

അമ്മൂമ്മ വളരെ സൗമ്യമായി ഒന്നു ചിരിച്ചു.

“മോൾക്കെത്ര വയസ്സായി?”

“പതിനഞ്ച്”

“രാജേഷിനെത്ര വയസ്സായി?”

“പതിനേഴ്.”

“ലേണേഴ്സ് ലൈസൻസെടുക്കാൻ എത്ര വയസ്സാവണം?”

“പതിനെട്ട്.”

“ആണല്ലോ. അപ്പോൾ ലേണേഴ്സ് ലൈസൻസുപോലുമില്ലാതെ ഒരാൾ



വണ്ടിയെടുക്കണത് തെറ്റല്ലേ?"

"ങ്ഹാ- ഹാ-"

"അങ്ങനെ വണ്ടിയെടുത്തിട്ട് അതില് വേറൊരാളെ പിന്നില് കേറ്റിക്കൊണ്ടു പോണതിലും വലിയ തെറ്റല്ലേ?"

"ങ്ഹ- ഹാ-"

"വേഗത്തിലെത്താൻ വണ്ടിയോടിച്ചിട്ട് എന്തെങ്കിലുമപകടം പറ്റീരുന്നെങ്കില് പോലീസു കേസെടുത്താലാരൊക്കെയാ കുടുങ്ങുക?"

മന്ദാകിനി ഒന്നും മിണ്ടിയില്ല. എന്താ മറുപടി പറയുക?

"നിമമനുസരിപ്പിക്കേണ്ടയാളിന്റെ മകളുതന്നെ നിയമം ലംഘിച്ചാൽ അച്ഛൻ സഹിക്കുമോ?"

"ശ്ശോ- ശരിയാട്ടോ. ഇതെന്നോടാദ്യമേയങ്ങു പറഞ്ഞിരുന്നെങ്കിൽ ഞാൻ പിന്നൊന്നും പറയില്ലായിരുന്നല്ലോ. അച്ഛന്റെ മുന്നില് രണ്ടുകൈയ്യും അടിച്ചോളൂന്നും പറഞ്ഞ് നീട്ടിക്കൊടുത്തേനേ."

അമ്മൂമ്മ മുമ്പത്തേക്കാൾ മധുരമായി ചിരിച്ചു. മനുക്കുട്ടി പാവമാ. കാര്യം പറഞ്ഞു കൊടുക്കാതെങ്ങനെയാ അവൾ മനസ്സിലാക്കുക?

അതെങ്ങനെയാ? ഇപ്പോഴത്തെ അച്ഛനമ്മമാർക്കൊന്നും ക്ഷമയേയില്ല. ഒന്നുപറഞ്ഞ് രണ്ടിന് അടികഴിയും!

അവര്ടെ അക്ഷമേം കുഞ്ഞുങ്ങളുടെ ദേഷ്യോം കൂടിയാകുമ്പോ വീടൊരു യുദ്ധക്കളം!

ശിവ! ശിവ!

"മക്കളെ - പിന്നിയതൊക്കെ അഴിച്ചേക്കണേ- ല്ലെങ്കി അമ്മൂമ്മ ഓർക്കൂല്ല. ആരെങ്കിലും വരും. ഉമ്മറത്തേയ്ക്കു ചെല്ലും. പിന്നെ- അസ്സലായി!

ചിരിച്ചപ്പോൾ അമ്മൂമ്മയുടെ ചുമലുലഞ്ഞുകൊണ്ടേയിരുന്നു. അമ്മൂമ്മയുടെ മുതുകത്തുകൂടി കൈരണ്ടും മുന്നിലേയ്ക്കിട്ട് തോളത്തു മുഖമമർത്തി മനു കമിഴ്ന്നു കിടന്നു.

മുടിയൊക്കെ നല്ല ബലാഗുളിച്യാദിയെണ്ണയുടെ മണമാണ്. പിന്നെ സാന്റൽവുഡ് സോപ്പിന്റെ നന്മണവും. മൂക്കാവോളം വിടർത്തി മന്ദാകിനി ആ മണം ഉള്ളലേയ്ക്കാവാഹിച്ചു.

ഇതാണെന്റെ അമ്മൂമ്മ!

പലപ്പോഴും തോന്നീട്ടുണ്ട്. അമ്മൂമ്മയ്ക്കൊരു ജയ് വിളിക്കണമെന്ന്.

കുഞ്ഞിലക്ഷ്മിയമ്മൂമ്മ കീ ജേയ്.




ഈ ലോകം കൊള്ളാം. മോശമില്ലാ– ല്ലേ? ഈ പച്ചപ്പും കുയിലിന്റെ പാട്ടും തിളങ്ങുന്ന സൂര്യനും തുള്ളിക്കളിക്കുന്ന നായ്ക്കുട്ടികളും താളനിബദ്ധമായ ചിറകടിയൊച്ചയും വെള്ളത്തൊപ്പിയിട്ടു നിൽക്കുന്ന കുന്നുകളും ചിരിക്കുന്ന മുഖങ്ങളും സ്നേഹം പുരണ്ട വാക്കുകളും– സന്തോഷം നിറഞ്ഞ മനസ്സും.

ഓ! എനിക്കു ഭയങ്കര ഇഷ്ടം തോന്നുന്നു. എല്ലാരോടും എല്ലാറ്റിനോടും.

“ഈ ലോകമെത്ര മനോഹരം. ഇതിലോരോ തരിയും പ്രിയങ്കരം!

കുറുപ്പുമാഷ് പഠിപ്പിച്ച കവിതതന്നെ മനസ്സിൽ.

ഇത്രയും രസം വാസ്തവത്തിൽ ഇന്നേവരെ തോന്നിയിട്ടില്ല. കാറ്റത്തുയർന്നു പോകുന്ന പട്ടം കണക്കെ– ശരീരത്തിനൊട്ടും കനമില്ലെന്നു തോന്നുന്ന അവസ്ഥ.

കാലുകൾ നിലത്തുറയ്ക്കാത്തപോലെ.

മന്ദാകിനി മടിയിൽ ചേർത്തുവച്ച പൂച്ചെണ്ടിൽ ഒന്നു തലോടി.

ഇതൊരു സ്വപ്നമാണോ!

നേരത്തെ കേട്ട വാക്കുകളൊക്കെ തന്നെക്കുറിച്ചു പറഞ്ഞതു തന്നെയാണോ?

ആരുടെയൊക്കെ സ്വരങ്ങളായിരുന്നു.

ഹെഡ്മാസ്റ്ററുടെ– ഡി. ഇ. ഓ.യുടെ

വസുമതി ടീച്ചറിന്റെ–

മുൻസിപ്പൽ ചെയർമാന്റെ

അതിനൊക്കെ പുറമെ തന്റെ പ്രിയപ്പെട്ട കുറുപ്പുമാഷ്ടെ.

ഒരു രാത്രികൊണ്ടിത്രയൊക്കെ സാധിക്കുമോ? ഏതോ മാന്ത്രികൻ തന്റെ കൈയടക്കവിദ്യകൊണ്ട് സകലരേയും ഒരു മാസ്മരിക വലയത്തിൽ പെടുത്തിയപോലെ.

മുൻവരിയിലിരുന്ന് കർചീഫുകൊണ്ട് മുഖം തുടയ്ക്കുന്നതച്ഛനാണ്. മുഖമെന്ന ഭാവത്തിൽ തുടച്ചതു കണ്ണുകളാണ്. അമ്മയുടെ മുഖം ഒരു വിടർന്ന മന്ദാരപ്പൂകണക്കെയുണ്ട്. പിന്നാമ്പുറത്ത് ഏട്ടന്മാർ– അമ്മേച്ചി. വലത്തേയറ്റത്ത് മുത്തച്ഛനും അമ്മൂമ്മയും. അമ്മൂമ്മയുടെ ചുണ്ടുകളിടക്കിടെ അനങ്ങുന്നുണ്ട്. നാമം ജപിക്കുന്നതാണ്. ബൊക്കെ തന്നു സ്വീകരിച്ചപ്പോൾ അമ്മൂമ്മ കണ്ണടച്ചു തൊഴുതോണ്ടു നിൽക്കുകയായിരുന്നു.

ഇന്നു വീട്ടിൽ തിരിയെച്ചെന്ന് അമ്മൂമ്മ തന്റെ തലയ്ക്കുഴിഞ്ഞ് കൊല്ലമുളക് അടുപ്പിലിടുമെന്ന് തീർച്ച.

കണ്ണുകിട്ടാതിരിക്കാനാണ്.

ആരൊക്കെ എന്തൊക്കെയാണെന്റെ കുട്ടിയെക്കുറിച്ച് പറഞ്ഞത്!

ന്റെ മനുക്കുട്ടിക്ക് ആരുടെയെങ്കിലും ദൃഷ്ടിദോഷം വന്നാലോ?

മന്ദാകിനി അറിയാതെ ചിരിച്ചുപോയി. തൊട്ടടുത്തിരുന്ന ഹെഡ്മാസ്റ്റർ തല ചരിച്ചൊന്നു നോക്കി.

എല്ലാം സ്വപ്നംപോലെ തോന്നുന്നു. നേരിയ കുളിരും പനിയും ഇപ്പോഴും ദേഹത്തിനുണ്ട്. പക്ഷേ സന്തോഷത്തള്ളലിൽ അതങ്ങു മനസ്സിന്റെ പിന്നിലേയ്ക്കു തള്ളിനീക്കിയിട്ടിരിക്കുകയാണ്.

ഈ കുളിരൊരു കുളിരല്ല.

ഈ പനിയൊരു പനിയുമല്ല. സാക്ഷാൽ 'ത്രിൽ' അനുഭവപ്പെട്ടതിന്നലെയായിരുന്നു. പാവം! ചക്കിയും ചങ്കരനും ആശുപത്രിയിൽ തന്നെയാണ്. അവരുംകൂടി വന്നാലേ സന്തോഷം പൂർണമാകൂ.

പതിവുപോലെ സ്കൂളിൽ നിന്നുച്ചയ്ക്കിറങ്ങിയതാണ്. ഊണുകഴിക്കാൻ. ആഞ്ഞുനടന്നാൽ ഒരു പതിനഞ്ചു മിനിട്ടു നേരമേയുള്ളൂ വീട്ടിലെത്താൻ. ഊണുകഴിക്കാൻ പത്തുമിനിട്ട്. പിന്നെ– അത്ര മുറികിയല്ലാത്ത മടക്കം. ഇരുപത്തഞ്ചു മിനിട്ട്. സ്കൂളെത്തിയാൽ പത്തുമിനിട്ട് സൊള്ളാൻ കിട്ടും.

ഉച്ചയ്ക്കലത്തെ ഇന്റർവെൽ ഖുശി.

അമ്പലത്തിന്റെ പിന്നാമ്പുറത്തുനിന്നു കടന്നുവരുമ്പോൾ കുളത്തിന്നരികെ ചക്കിയും ചങ്കരനുമിരുന്നു കളിക്കുന്നതു കണ്ടു. വേഗത്തിലുള്ള നടത്തത്തിന്നിടയിൽ, "എന്തായിന്നു സ്കൂളില്ലേ?"ന്നു മാത്രമേ ചോദിക്കാൻ കഴിഞ്ഞുള്ളൂ. ആരോ മരിച്ചുപോയീന്നൊരു മറുപടി പിന്നിൽനിന്നു വന്നപ്പോഴേയ്ക്കും മന്ദാകിനി ഇരുപതുചോട് കടന്നു കഴിഞ്ഞിരുന്നു.

ഉച്ചയ്ക്കൂണെപ്പോഴും ധൃതിയിലാണ്; പ്രത്യേകിച്ചു സ്കൂളുള്ള ദിവസം. ഇഷ്ടമുള്ള കൂട്ടാനൊക്കെയുണ്ടായാൽപോലും എങ്ങനെയെങ്കിലും വാരിവലിച്ചു വിഴുങ്ങാറാണു പതിവ്. പാവയ്ക്ക വറുത്തതും പിണ്ഡിത്തോരനും കുമ്പളങ്ങപുളിങ്കറിയുമൊക്കെ സമയമെടുത്തു കഴിച്ചാലല്ലേ സ്വാദറിയൂ.

കൈകഴുകി അമ്മയുടെ നേര്യതിൽ തുടച്ച് ഉച്ചയ്ക്കലത്തെ ടൈംടേബി

ളനുസരിച്ചുള്ള ബുക്കുമെടുത്ത് “അമ്മേ പോണൂ”ന്നൊരു വിളിയും വിളിച്ച് ഗേറ്റു കടന്നു. തെരക്കിനിടയിലും തുളസിത്തറയിൽ നിന്നൊരു നാമ്പുനുള്ളാൻ മറന്നില്ല; വെറുതെ വായിലിട്ടു ചവയ്ക്കാൻ.

ഉച്ചയ്ക്ക് ഒന്നരയ്ക്കും രണ്ടിനുമിടയിൽ റോഡിൽ ആളുകൾ തന്നെ കുറവാണ്. പലരും ഊണു കഴിഞ്ഞ് ഒന്നു മയങ്ങാനൊരുങ്ങുന്ന സമയം. പെണ്ണുങ്ങൾ സൊറ പറയുന്ന നേരം. ടിവിയിൽ സിനിമയുണ്ടാവും.

അമ്പലമടുത്തപ്പോഴാണ് ഉറക്കെ അയ്യോന്നുള്ള വിളികേട്ടത്.

ങ്ഹേ– ചങ്കരന്റെ ശബ്ദമാണല്ലോ!

പുറകേ ചക്കി പോയേന്നൊരു കരച്ചിലും.

മന്ദാകിനി ഒരൊറ്റ ഓട്ടമായിരുന്നു. ജീവിതത്തിൽ ഇത്രയും വേഗം ഇതിനു മുൻപോടിയിട്ടില്ല. ഇനിയൊട്ടു പറ്റുമെന്നൊന്നും തോന്നുന്നില്ല.



ഓട്ടത്തിൽ ചങ്കുപറിഞ്ഞു വായിൽവന്നപോലെ. അമ്പലക്കുളത്തിനടുത്തെത്തിയപ്പോൾ ഒറ്റനോട്ടത്തിൽ കണ്ടത് വെള്ളത്തിലേയ്ക്കു ചാടുന്ന ചങ്കരനേം ഏതാണ്ട് മദ്ധ്യഭാഗത്ത് ഉയർന്നു താഴുന്ന രണ്ടു കുഞ്ഞിക്കൈകളുമാണ്.

എന്റീശ്വരാ! ന്റെ ചക്കി!!

മന്ദാകിനി പുസ്തക്കെട്ടൊരേറെറിഞ്ഞു. ചെരിപ്പ് കാലീന്നു തെറിപ്പിച്ച് വെള്ളത്തിലേയ്ക്കൊരു ചാട്ടം. മുങ്ങിപ്പൊങ്ങിയ ചങ്കരനെ ഇടതുകൈകൊണ്ട് വട്ടംപിടിച്ചു. പിടികൂടിയത് അവന്റെ മു സ പി ഗു സ്ട്രാപ്പിലാണ്.

മു സ പി ഗു എന്താന്നറിയ്യോ? മുമ്പിൽ സമം പിന്നിൽ ഗുണം- വള്ളിനിക്കർ. എല്ലാവരും കളിയാക്കുമെങ്കിലും അതിനിങ്ങനൊരു ഗുണമുണ്ടെന്നിപ്പോഴാ മനസ്സിലായത്.

നീന്തിച്ചെല്ലുന്നതിനിടയ്ക്ക് ചക്കി രണ്ടാംവട്ടം പൊങ്ങിത്താന്നിരുന്നു. മുത്തച്ഛന്റെ കണക്കനുസരിച്ച് ഒരിക്കൽകൂടി പൊങ്ങും. അപ്പോൾ കിട്ടിയില്ലെങ്കിൽ-

ന്റെ ചക്കി പോയതുതന്നെ.

മന്ദാകിനി സർവശക്തിയുമെടുത്തു മുന്നോട്ടു കുതിച്ചു. ചങ്കരൻ കൈയ്യിൽ തൂങ്ങി ഇരട്ടിശക്തിയിൽ പിന്നോട്ടു വലിക്കുന്നുണ്ട്. അവനെ പറഞ്ഞിട്ടു കാര്യമില്ല.

നിലയില്ലാവെള്ളമല്ലേ

അവനെന്താ ചെയ്യുന്നതെന്ന് അവൻതന്നെ അറിയണുണ്ടാവില്ല. ചുറ്റിനും ആൾക്കാരുടെ വിളിയോ കരച്ചിലോ ഒക്കെ കേൾക്കുന്നുണ്ട്.

ന്റെ മുത്തച്ഛാ- എനിക്കു ശക്തി തരണേ- നീന്തലിൽ ന്റെ ഗുരുവല്ലേ- എന്നോടൊപ്പമുണ്ടാവണേ.

തുറിച്ചു മലർന്ന കണ്ണുകളുമായി പകച്ച ഭാവത്തോടെ ചക്കിയുടെ മുഖം ഒരു പോക്കാന്തവളയുടേതുപോലെ ആഴങ്ങളിൽ നിന്നും തെളിഞ്ഞു പൊന്തി. വെള്ളത്തിനടിയിൽ എല്ലാ ജിവജാലങ്ങൾക്കും ഒരേ എക്സ്പ്രഷനാണോ എന്തോ!

ചക്കിയുടെ കുഞ്ഞു പോണീടെയ്‌ലിൽ മന്ദാകിനി കടന്നുപിടിച്ചു മേലോട്ടൊരൊറ്റ വലി. വല്ലാത്ത ഒരു ശബ്ദത്തോടെ ചക്കി വെള്ളത്തിനു മുകളിലേയ്ക്ക് പൊങ്ങിവന്നു!

അതു കരച്ചിലായിരുന്നോ?

പേടിച്ചരണ്ട അലറലായിരുന്നോ?

എന്തായാലും ആ ശബ്ദം ഇപ്പോഴും കാതിലടിക്കുന്നുണ്ട്.

കിടന്നു പിടയ്ക്കുന്ന ചങ്കരനേയും ആകെക്കുഴഞ്ഞ ചക്കിയേയും രണ്ടു കക്ഷത്തിലടുക്കി നീന്താനിത്തിരി പാടുതന്നെയാണേ. നാലഞ്ചടി തുഴഞ്ഞു നീങ്ങിയപ്പോഴേയ്ക്കും പരമേശ്വരമാരാരും വാസുക്കുട്ടനും വെള്ളത്തിൽ പത

ച്ചെത്തി. രണ്ടുപേരേയും അവരോരോരുത്തരും ഏറ്റുവാങ്ങിയപ്പോഴേയ്ക്കും മനുവിനാകെയൊരു തളർച്ചപോലെ.

ഒരുതരത്തിൽ കുളക്കടവിലെ കരിങ്കൽപ്പടവുകളിൽ തത്തിപ്പിടിച്ചു. രണ്ടു മൂന്നുതവണം ശ്വാസം നീട്ടിവിട്ടു. വെള്ളത്തിൽ നിന്നും കേറിയപ്പോഴാണ് സംഗതിയുടെ സൗരവം പിടികിട്ടിയത്.

എന്തു ജനമായിരുന്നു ചുറ്റിനും!

മന്ദാകിനി– മന്ദാകിനി– പതിനെട്ടുങ്കലെ മന്ദാകിനി.

ആളുകൾ തെരുതെരെ പറഞ്ഞപ്പോഴൊക്കെ നനഞ്ഞൊട്ടിപ്പിടിച്ച സ്കൂൾ യൂണിഫോമോടെ മന്ദാകിനി ചക്കിയെ തെരയുകയായിരുന്നു.

എവിടെ? ചക്കിയെവിടെ?

"കുട്ടികളെ ആശുപത്രിയിൽ കൊണ്ടുപോയി. മോളീവണ്ടീല് കേറിക്കോ. വീട്ടിൽ കൊണ്ടാക്കാം."

ആളുകളുടെ വാക്കിൽ സ്നേഹമാണോ കൂടുതൽ–

അതോ അത്ഭുതമോ?

"എന്റെ ബുക്കെവിടെ?"

പടവിൽ ചിതറിക്കിടന്നിരുന്ന പുസ്തകങ്ങൾ ആരോ പെറുക്കിയെടുത്തു. കാറിൽ ചാരിക്കിടന്നപ്പോൾ മന്ദാകിനിക്കു മനസ്സിൽ പറയാനാവാത്ത ഒരു സന്തോഷം.

ഈശ്വരാ! എനിക്കിതു സാധിച്ചല്ലോ!

അവൾ മെല്ലെ കണ്ണുകളടച്ചു.




"... അതുകൊണ്ട് തീർച്ചയായും മന്ദാകിനിയുടെ പേര് രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അവാർഡിന് ഈ മുൻസിപ്പാലിറ്റി ശുപാർശ ചെയ്യുന്നതാണ്."

ചെയർമാന്റെ ഗംഭീരമായ പ്രസംഗത്തിനു പിന്നാലെ വന്ന നിലയ്ക്കാത്ത കൈയടിയുടെയും ആരവങ്ങളുടെയുമിടയിൽ മന്ദാകിനി തിളയ്ക്കുന്ന കണ്ണുകളും ചുട്ടുപഴുത്ത ശരീരവുമായി ഇരുന്നു.

കഴുത്തിൽ വന്നുവീണ കനത്ത മാലകൾക്കിടയിലൂടെ അവൾ പണിപ്പെട്ട് അമ്മൂമ്മയെ നോക്കി. അമ്മയെ നോക്കി.

"കണ്ടോ– നിങ്ങടെ മണ്ടൂനെ?"

പെട്ടെന്നോർമ വന്നത് രണ്ടുകൊല്ലം മുൻപ് ചേട്ടന്മാരുടെ കൂടെ കുളത്തിൽ നീന്താൻ പഠിക്കണമെന്ന് വാശിപിടിച്ച് മന്ദാകിനിയുടെ മുൻപിൽ തുള്ളിയാഞ്ഞ അമ്മയെയാണ്.

"ആങ്കുട്ട്യോളുടെ കൂടെ ചാടിമറിയാനൊന്നും പോകണ്ട. എല്ലാരും നീന്താൻ പഠിച്ചിട്ടല്ലെ വളര്ണത്? അടങ്ങിയൊതുങ്ങിയിരുന്നില്ലെങ്കി- പൊളിക്കും ഞാൻ പൊറം."

മന്ദാകിനി ഓട്ടക്കണ്ണിട്ട് അമ്മയെ നോക്കി. ഇപ്പോഴത്തെ ഭാവമെന്താണെന്നോ?

കണ്ടില്ലേ– ന്റെ മോളെ– അവൾ മന്ദാകിനി.

എന്റെ മോളാ!

അന്ന് മുത്തച്ഛനാണു രക്ഷിച്ചത്. ബാലേട്ടനും കൊച്ചേട്ടനു നീന്തുമ്പോൾ മുത്തച്ഛന്റെ മേൽനോട്ടത്തിൽ മന്ദാകിനിയേയും നീന്തിക്കാമെന്ന് മുത്തച്ഛനാണേറ്റത്. തേങ്ങയുടെ തൊണ്ട് പാതിയുരിച്ച് കൂട്ടിക്കെട്ടിയ രണ്ടു തേങ്ങകൾക്കിടയിൽ വെള്ളത്തിൽ കമിഴ്ന്നു കിടന്ന് കുറെ വെള്ളം കുടിച്ച്– രണ്ടാഴ്ചകൊണ്ട് കുളത്തിന്റെ തലങ്ങനേം വിലങ്ങനേം നീന്താൻ പഠിച്ചു മന്ദാകി

നി.

ഇനി അമ്മയുടെ മനസ്സു മാറുമായിരിക്കും. ഏതായാലും മന്ദാകിനിയുടെ മാവും പൂത്തുതുടങ്ങിയിരിക്കുന്നു!

മന്ദാകിനി പറയുന്നതു കേൾക്കാനും ആളുണ്ടായിരിക്കുന്നു!

“ഇനി മറുപടിയായി രണ്ടുവാക്ക് മന്ദാകിനി നിങ്ങളോടു സംസാരിക്കുന്നതായിരിക്കും.” ഇരിക്കുന്നതിനിടയിൽ ഹെഡ്മാസ്റ്റർ മുഖം തിരിച്ച് മന്ദാകി



നിയെ ക്ഷണിച്ചു. പറയണോ?

രണ്ടു വാക്കു പറയണ്ടേ?

പറഞ്ഞില്ലെങ്കിൽ മന്ദാകിനിക്കു സമാധാനം വരുമോ?

ക്ഷീണം കൊണ്ടാവും മന്ദാകിനിക്കു നാവുവരളുന്നതുപോലെ തോന്നി. മടിയിലിരുന്ന പൂച്ചെണ്ടു മേശപ്പുറത്തുവച്ച് അവൾ മെല്ലെ എഴുന്നേറ്റു.

“ഗുരുജനങ്ങളെ - ഈശ്വരനു നന്ദി- ന്റെ ചക്കിക്കും ചങ്കരനും ഒന്നും പറ്റാത്തതിൽ- പിന്നെ- ന്റെ മുത്തച്ഛനും - ന്നെ നീന്താൻ പഠിപ്പിച്ച് ഇതിനു പ്രാപ്തയാക്കിയതിൽ. ആൺകുട്ടികൾക്കും ചെയ്യാൻ പറ്റണതൊക്കെ മനസ്സും ശക്തിയുമുണ്ടെങ്കിൽ പെങ്കുട്ട്യോൾക്കും ചെയ്യാം.”

മന്ദാകിനി കൂടുതലൊന്നും പറഞ്ഞില്ല. അവളുടെ സ്വരം ചിലമ്പിയിരുന്നു. കണ്ണുകൾ പിന്നെയും ചുടുന്നുണ്ട്. തലയ്ക്കുള്ളിൽ കടന്നലുകളിരമ്പുന്നു.

“മനു- ബാ- പോകാം.”

ബാലേട്ടൻ വന്നു കൈപിടിച്ചു.

റോസാപ്പൂക്കൾ ചേർത്തടുക്കിയ ബൊക്കെ നോഞ്ചോടു ചേർത്തുപിടിച്ച് മന്ദാകിനി ഹാളിൽ നിന്നിറങ്ങി. കാറിൽ ബാലേട്ടന്റെ തോളിൽ ചാരിക്കിടക്കുമ്പോഴും മനസ്സിൽ ഒരേയൊരു വിചാരമേയുണ്ടായിരുന്നുള്ളൂ. ആശുപത്രിയിൽ പോകണം. ചക്കിയേം ചങ്കരനേം കാണണം.